47

# ദൈവസഹായത്താൽ - ജീവിതങ്ങളെ മാറ്റൽ

## (16:13- 40)

പൗലൊസ് പിന്നീട് അവന്റെ ഫിലിപ്പിയയിലെ പ്രവർത്തനങ്ങളെക്കുറിച്ചു പറഞ്ഞത്, ‘‘സുവിശേഷഘോഷണത്തിന്റെ ആരംഭത്തിൽ’’ എന്നാണ് (ഫിലിപ്പിയർ 4:15); പൗലൊസ് അയീജ്യൻ കടൽ കടന്നപ്പോൾ, അവൻ വിചാരിച്ചത് താൻ പുതുതായി ഒന്ന് ആരംഭിക്കുന്നു എന്നാണ്.[1] പൗലൊസിന്റെ ഈ പുതിയ മേഖലയിലെ പ്രവർത്തനം പ്രവൃത്തികളുടെ പുസ്തകത്തിൽ ആഘോഷിക്കുന്നത്, ഒന്നല്ല, രണ്ട് പരിവർത്തന വിവരങ്ങളോടുകൂടെയാണ്. ഒരു പുതിയ വൻകരയിലേക്കു വഴി തുറന്ന ‘‘ബ്രിഡ്ജ് കൺവെർഷൻസ്’’ എന്നറിയപ്പെടുന്നു. ഇതിൽ ഒന്ന് നാം നമ്മുടെ കഴിഞ്ഞ പാഠത്തിൽ പഠിച്ചു: ലുദിയയുടെ പരിവർത്തനം ഇപ്പോൾ നാം രണ്ടാമത്തേത് പഠിക്കുന്നു: ഒരു റോമാ കാരാഗൃഹപ്രമാണിയുടെ പരിവർത്തനം. ഈ രണ്ടു പരിവർത്തനങ്ങൾക്കിടയിൽ മറ്റൊരു വ്യക്തിയുടെ ജീവിതം എന്നേക്കുമായി മാറുന്നതു നാം പഠിക്കും.

ഈ അവതരണത്തിലെ തള്ളൽ അഭിനന്ദിക്കുവാൻ, നിങ്ങൾ പരിഗണിക്കുന്ന സുവിശേഷത്തിനു വേണ്ടിയുള്ള ‘‘ഒരു പൂർണ്ണമായ വീക്ഷണം’’ പരിഗണിക്കുക. നിങ്ങൾ ആരെയെങ്കിലും പഠിപ്പിക്കുവാനായി പോകുമ്പോൾ, ആ വ്യക്തിയുടെ സ്വഭാവം എന്തായിരിക്കും? ഒരുപക്ഷേ നിങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയെ ക്രിസ്തുവിലേക്കു കൊണ്ടു വരുവാൻ ആഗ്രഹിക്കുന്നുവെന്നു വിചാരിക്കുക. ആ ‘‘പൂർണ്ണമായ വീക്ഷണം’’ നിങ്ങൾ എത്ര ഇഷ്ടപ്പെടുന്നുണ്ട്? ഒരുപക്ഷേ നിങ്ങളുടെ ‘‘മാതൃകാ വീക്ഷണം’’ നിങ്ങളെപ്പോലെ തന്നെ ആയിരിക്കാം. നാം ആരോടെങ്കിലും സുവിശേഷം പങ്കിടുവാൻ ശ്രമിക്കുമ്പോൾ, കണ്ടെത്താൻ ശ്രമിക്കുന്നത്, നമ്മുടെ തന്നെ വർഗ്ഗത്തിലുള്ളവർ, നമ്മുടെ തന്നെ സാമൂഹ്യ നിലവാരമുള്ളവർ, നമ്മുടെ തന്നെ വൈവാഹിക നിലവാരം ഉള്ളവർ ആണ്. നമുക്ക് അവരോട് പറയുവാനാണിഷ്ടം.

എല്ലാ ആളുകളിലും ശക്തി കണ്ടെത്തുവാൻ സുവിശേഷ ദർശനം നാം വിപുലപ്പെടുത്തണം എന്ന വെല്ലുവിളിയാണ് ഈ പാഠത്തിൽ ഉള്ള

ത്. സുവിശേഷം എല്ലാവർക്കും ഉള്ളതാണെന്ന് പ്രവൃത്തികൾ 16 പ്രഖ്യാപിക്കുന്നു, ദൈവസഹായത്താൽ, ഏതൊരാളുടെയും ജീവിതം മാറ്റാം - അവന്റെ അവളുടെ പശ്ചാത്തലം ഏതായാലും.

## എതിരിട്ടു തടുത്തുകൂടാത്ത കച്ചവടക്കാരിയായ സ്ത്രീ (16:13-15)

നാം കഴിഞ്ഞ പാഠത്തിൽ, വിജയകരമായി കച്ചവടം നടത്തിക്കൊണ്ടിരുന്ന സ്ത്രീയായ ലുദിയയുടെ ജീവിതം സുവിശേഷത്താൽ മാറിയത് കണ്ടു. ഞാൻ അവളെ "എതിരിട്ടു തടുത്തു കൂടാത്ത കച്ചവടക്കാരി" എന്നു വിളിക്കാൻ കാരണം, തന്റെ വീട്ടിൽ പാർക്കുവാൻ അവൾ പൗലൊസിനെയും, ശീലാസിനേയും, തിമൊഥെയൊസിനേയും, ലൂക്കൊസിനെയും ക്ഷണിച്ചപ്പോൾ, "ഇല്ല" എന്ന ഉത്തരം കൊടുക്കാതിരിക്കാൻ അവൾ ശ്രമിച്ചതുകൊണ്ടാണ്. അവൾ സ്വതന്ത്രവും ശക്തവുമായ മനസിന്റെ ഉടമയായിരുന്നു. അവൾ വിറ്റിരുന്ന വസ്തു (രക്താംബരം) അവളുടെ സാമ്പത്തിക നില (ഒരു വലിയ വീടും അസംഖ്യം വേലക്കാരികളും) സൂചിപ്പിക്കുന്നത് അവൾ ഫിലിപ്പിയയിലെ ഉയർന്ന നിലവാരത്തിലുള്ളവൾ എന്നാണ്. എങ്ങനെയായാലും, അധികം താമസിയാതെ, പൗലൊസ് ഫിലിപ്പിയയിലെ സാമൂഹ്യമായ ഉയർന്ന അവസ്ഥയിൽ നിന്നു താഴെ എത്തി.

## ശുണ്ഠി പിടിപ്പിക്കുന്ന ഭൂതബാധിതയായ അടിമ (16:16-22)

"... ആ പട്ടണത്തിൽ ഞങ്ങൾ ചില ദിവസം പാർത്തു" എന്നാണ് ലൂക്കൊസ് 16:12-ൽ പറഞ്ഞത്. ആ സമയത്ത്, പൗലൊസും കൂട്ടരും ധാരാളം പേരെ പരിവർത്തനം ചെയ്തിരുന്നു (വാക്യം 40) ഒരു ഇടവകയും സ്ഥാപിച്ചു (ഫിലിപ്പിയർ 1:1). എങ്ങനെയായാലും, 16:16–22–ൽ, ലൂക്കൊസ് പൗലൊസിന്റെ ഫിലിപ്പിയയിലെ ആരംഭ പ്രവർത്തനത്തോടുണ്ടായ ഒരു സംഭവത്തിലേക്കു പെട്ടെന്നു തിരിഞ്ഞു. വാക്യം 16 പറയുന്നു, "ഞങ്ങൾ പ്രാർത്ഥനാ സ്ഥലത്തേക്കു ചെല്ലുമ്പോൾ, വെളിച്ചപ്പാടത്തിയായി ലക്ഷണം പറഞ്ഞു,[2] യജമാനന്മാർക്കു വളരെ ലാഭം വരുത്തുന്ന ഒരു ബാല്യ - ക്കാരത്തി ഞങ്ങളെ എതിരേറ്റു."

"പ്രാർത്ഥനാ സ്ഥലം" ഒരുപക്ഷേ ഗാൻജൈറ്റിസ് പുഴയുടെ തീരം ആയിരിക്കാം സൂചിപ്പിക്കുന്നത് (16:13), അവിടെ വച്ചാണ് അവർ ലുദിയയെയും മറ്റു സ്ത്രീകളെയും കണ്ടത്. അവർ അവിടെ പ്രാർത്ഥിക്കാൻ പോയതാകാം, ഒരു പക്ഷേ അവിടെ സത്യസന്ധരായ ഹൃദയങ്ങൾ നോക്കി പോയതുമാകാം. അങ്ങനെ അവർ ആ വഴി പോയപ്പോൾ, അടിമയായിരുന്ന "ഒരു ബാല്യക്കാരത്തി പെൺകുട്ടിയെ" കണ്ടു. ലുദിയയിൽ നിന്നു ഈ പെൺകുട്ടിയിലേക്കു നീങ്ങുമ്പോൾ, സമൂഹത്തിലെ ഉയർന്ന നിലവാരമുള്ളവരിൽ നിന്നു നേരെ താഴ്ന്ന നിലവാരമുള്ളവരിലേക്കു നീങ്ങുകയാണ്. ഒരു അടിമയെ ഒരിക്കലും വ്യക്തിയായി കണക്കാക്കിയിരുന്നില്ല; ഒരു അടിമ നിങ്ങളുടെ വീടു പോലെ - ഒരു സമ്പത്താണ്, നിങ്ങളുടെ വീട്ടുപകരണങ്ങളും, സാധനങ്ങളും പോലെയാണ്.

ഈ പ്രത്യേക അടിമയിൽ "ദുരാത്മാവു ബാധ" യും ഉണ്ടായിരുന്നു. ഗ്രീക്കു വേദഭാഗത്തിൽ അക്ഷരികമായി പറയുന്നത് "പെരുമ്പാമ്പിന്റെ ആത്മാവ്"[3] എന്നാണ്. ഗ്രീക്കു പുരാണത്തിൽ, അവരുടെ അപ്പോളോ ദേവൻ പെരുമ്പാമ്പിനെ കൊല്ലുകയും, പെരുമ്പാമ്പിന്റെ ആത്മാവ് ഡെൽഫിയ എന്ന വെളിച്ചപ്പാടത്തിയിൽ പ്രവേശിച്ച് അവളെ നിയന്ത്രിക്കാൻ തുടങ്ങി എന്നു പറയുന്നു. ക്രമേണ, ഒരു സ്ത്രീക്ക് അതേ ശക്തി കാണപ്പെട്ടാൽ അവർ പറയുന്നത് അവളിൽ "പെരുമ്പാമ്പിന്റെ ആത്മാവാണ്"[4] എന്നത്രേ. ലൂക്കൊസ് പറഞ്ഞ പദപ്രയോഗത്താൽ അവൻ ആ അന്ധവിശ്വാസം വിശ്വസിച്ചില്ല എന്നു വ്യക്തം; അവൻ യോജിക്കാവുന്ന ഭാഷയാണ് ഉപയോഗിച്ചത്. ആ സാധു സ്ത്രീയിൽ ഒരു അശുദ്ധാത്മാവുണ്ടായിരുന്നു, അതു മുൻപ്, പ്രവൃത്തികൾ 5:16 ലും 8:7 ലും മുൻപു നാം വായിച്ചതുപോലെയാണ്;[5] അവളെ ഒരു ഭൂതം ബാധിച്ചിരുന്നു. സ്പഷ്ടമായി, മർത്യർക്ക് അറിയാത്ത ചില വസ്തുതകൾ ഭൂതങ്ങൾക്ക് പ്രത്യേകമായി അറിയാമായിരുന്നു,[6] ഈ അസാധാരണ അറിവു പുരുഷാരത്തെ പ്രീതിപ്പെടുത്തി. അങ്ങനെ ഈ ഭൂതം ബാധിച്ച പെൺകുട്ടി അവളുടെ യജമാനന്മാർക്ക് "ലക്ഷണം പറഞ്ഞ് നല്ല ലാഭം ഉണ്ടാക്കിക്കൊടുത്തു."

ക്രിസ്ത്യാനിത്വം വ്യാപിച്ചതോടെ യുക്തിരഹിതമായ വിശ്വാസങ്ങൾ മാറ്റമില്ലാതെ തുടച്ചു നീക്കിയെങ്കിലും,[7] അടുത്ത കാലത്ത് അന്ധവിശ്വാസം നവീകരിക്കപ്പെട്ടതായി നാം കണ്ടു. ലക്ഷണം പറയുന്നവർ, കൈരേഖ നോക്കുന്നവർ, സ്ഫടിക – ബാൾ നോക്കി പറയൽ, ജാതക വ്യാഖ്യാതാക്കൾ, പ്രേതഭാഷണ സാധകർ, ജ്ഞാനശാസ്ത്ര പ്രഖ്യാപനം, കൂടാതെ "ചാനെലേഴ്സ്"[8] എന്നറിയപ്പെടുന്നവരും ഉണ്ട് – അവരെല്ലാം സംശയാലുക്കളേയും നിഷ്ക്കളങ്കരേയും ഇരയാക്കുകയാണ്. അത്തരം ആളുകളേ യും ക്രിസ്ത്യാനികൾ അവരുടെ പരിശീലനങ്ങളേയും അകറ്റി നിർത്തുക യും, മറ്റുള്ളവർ അങ്ങനെ ആകാൻ പ്രോത്സാഹിപ്പിക്കയുമാണ് ചെയ്യുന്നത്.

മിഷണറിമാർ ആദ്യം ആ അശുദ്ധാത്മാവു ബാധിച്ച പെൺകുട്ടിയെ കണ്ടിട്ട് കാണാതെ നടന്നു. എന്നാൽ ആ പെൺകുട്ടി അവരെ അവഗണിച്ചില്ല. അവൾ അവരെ പിന്തുടർന്നു "നിലവിളിച്ചു കൊണ്ടിരുന്നു, 'ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ, രക്ഷാമാർഗ്ഗം നിങ്ങളോട് അറിയിക്കുന്നവർ എന്നു നിലവിളിച്ചു പറഞ്ഞു'" (വാക്യം 17). അവളുടെ വാക്കുകൾ നമ്മെ ഗദരദേശത്തുണ്ടായിരുന്ന ഒരു ഭൂതബാധ യേശുവിനോട് നിലവിളിച്ചതു ഓർപ്പിക്കുന്നു "യേശുവേ മഹോന്നതനായ ദൈവത്തിന്റെ പുത്രാ" (മർക്കൊസ് 5:7). മിഷണറിമാർ ആരെന്നും ഫിലിപ്പിയയിലെ അവരുടെ ഉദ്ദേശം ഏതെന്നും ആ ഭൂതബാധിതയായിരുന്ന – പെൺകുട്ടി അറിഞ്ഞിരുന്നു.[9] യാക്കൊബ് പറഞ്ഞു "പിശാചുക്കൾ ... വിശ്വസിക്കയും, വിറെക്കയും ചെയ്യും" എന്നാണ് (യാക്കൊബ് 2:19).

ഓരോ ദിവസവും, പൗലൊസും കൂട്ടരും എവിടെ പോയാലും, പുരുഷാരത്തോട് നിലവിളിച്ചുകൊണ്ട്, ഈ അടിമ – പെൺകുട്ടി അവിടെയുണ്ടാകും: "ഈ മനുഷ്യർ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ." ലൂക്കൊസ് പറഞ്ഞതു "ഇങ്ങനെ അവൾ പല നാൾ ചെയ്തു വന്നു" എന്നാണ് (പ്രവൃത്തികൾ 16:18). അവസാനം, പൗലൊസിന് നില്ക്കകള്ളി

യില്ലാതായി. "പൗലൊസ് മുഷിഞ്ഞു,[10] തിരിഞ്ഞു നോക്കി അവളിലുള്ള ഭൂതത്തോട്, 'അവളെ വിട്ടുപോകുവാൻ ഞാൻ യേശുക്രിസ്തുവിന്റെ നാമത്തിൽ നിന്നോട് കല്പിക്കുന്നു എന്നു പറഞ്ഞു!' ആ നാഴികയിൽ തന്നെ അതു അവളെ വിട്ടുപോയി" (വാക്യം 18).

ഈ വേദഭാഗം രണ്ടു ചോദ്യങ്ങളെ ഉയർത്തിവിടുന്നു: (1) അവൾ സത്യം പറഞ്ഞതുകൊണ്ട് പൗലൊസ് മുഷിഞ്ഞതെന്തിന്? മിഷണറിമാർക്കു ഈ ഭൂത – ബാധയുള്ളവളുമായി ബന്ധമുണ്ട് എന്നു വരുത്താൻ പൗലൊസ് ആഗ്രഹിച്ചില്ല.[11] അത്തരം പ്രതീതി അവൾക്ക് അനുകൂലവും മിഷണറിമാർക്കു പ്രതികൂലവുമാകും. (2) അതങ്ങനെയാണെങ്കിൽ, അവളിലുള്ള ഭൂതത്തെ പുറത്താക്കാൻ പൗലൊസ് അത്രയും താമസിച്ചതെന്തുകൊണ്ട്? ഒരുപക്ഷേ അനന്തര ഫലത്തെ നോക്കിയിരിക്കാം (വാക്യം 19). പെൺകുട്ടി വിലയുള്ള വസ്തുവാണ്. അവൻ ആ ഭൂതത്തെ പുറത്താക്കിയാൽ, യജമാനന്മാരുടെ ദൃഷ്ടിയിൽ വിലയുള്ള വസ്തു നശിപ്പിക്കുന്നതായി തോന്നാം.[12]

പൗലൊസിനെ മഥിച്ച ചിന്ത എന്തായാലും, അവസാനം അവനു ആ പെൺകുട്ടിയിൽ ദയ തോന്നി. യേശുക്രിസ്തുവിന്റെ നാമത്തിൽ അവളെ വിട്ടു പോകുവാൻ അവൻ ഭൂതത്തോട് കല്പിച്ചു – "ആ നാഴികയിൽ തന്നേ അതു പോകുകയും ചെയ്തു." ആ പെൺകുട്ടിക്ക് അപ്പോൾ എന്തു തോന്നിക്കാണും എന്നു നിങ്ങൾക്ക് ഊഹിക്കാമോ? വർഷങ്ങളോളം, അവൾ ഇരുട്ടിന്റെ ആത്മാവിന്റെ തടവറയിലായിരുന്നു; അവൾ ഇപ്പോൾ സ്വതന്ത്രയായി! വർഷങ്ങളോളം, അവളുടെ മനസ് ദുഷ്ടതയുടെ കളിസ്ഥലമായിരുന്നു; ഇപ്പോൾ അവൾ ശരിയായ മനസിന്റെ ഉടമയായി (മർക്കൊസ് 5:15)! അവൾ എങ്ങനെയായിത്തീർന്നു എന്നു അറിഞ്ഞിരുന്നുവെങ്കിൽ എന്നു ഞാൻ ആഗ്രഹിക്കുന്നു. ലൂക്കൊസ്, എങ്ങനെയായാലും, ഉടനെ ശ്രദ്ധ അവളിൽ നിന്നു അവളുടെ യജമാനന്മാരിലേക്കു തിരിച്ചു (വാക്യം 19). എന്നിട്ടും, അവളുടെ ജീവിതത്തിൽ സംഭവിച്ച *മാറ്റം* നാം കണ്ടു.

വാക്യം 19 തുടങ്ങുന്നു, "അവളുടെ യജമാനന്മാർ തങ്ങളുടെ ലാഭത്തിന്റെ ആശ പൊയ്പോയതു കണ്ടിട്ടു, ..." ലൂക്കൊസ് ഇവിടെ വാക്കുകൾ കൊണ്ടു അമ്മാനമാടുകയാണ്: മൂലവേദഭാഗത്ത്, 18-ാം വാക്യത്തിലെ "വിട്ടു പോയി" എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതു തന്നെയാണ് 19-ാം വാക്യത്തിലും "പൊയ്പ്പോയി" എന്നു തർജ്ജിമ ചെയ്തിരിക്കുന്നത്. ലൂക്കൊസ് അക്ഷരികമായി പറഞ്ഞതു അശുദ്ധാത്മാവ് അവളിൽ നിന്നു വിട്ടു പോയപ്പോൾ, അവരുടെ ലാഭവും വിട്ടുപോയി. നിങ്ങൾക്കു ഒരാൾ ശത്രുവായി തീരണമെന്നുണ്ടെങ്കിൽ, അയാളുടെ വരുമാനത്തെ സ്പർശിച്ചാൽ മതി.

ആ അടിമ – പെൺകുട്ടിയുടെ യജമാനന്മാർ "പൗലൊസിനെയും, ശീലാസിനെയും[13] പിടിച്ചു ചന്തസ്ഥലത്ത് പ്രമാണികളുടെ അടുക്കലേക്കു വലിച്ചുകൊണ്ടുപോയി"[14] (വാക്യം 19). "ചന്തസ്ഥലം" ക്ഷേത്രങ്ങളും, കടകളും, മാർബിൾ കെട്ടിടങ്ങളും, ചുറ്റും കല്ലുകൾ പതിച്ച പട്ടണത്തിന്റെ ചതുരാകൃതിയിലുള്ളതായിരുന്നു, അതു.[15] ഗ്രീക്കുകാർ അതിനെ "അഗോറാ";[16] എന്നാണ് വിളിച്ചിരുന്നത്. റോമാക്കാർ അതിനെ

"ദ ഫോറം" എന്നു വിളിച്ചിരുന്നു. ഒരു വശത്തായി മാർബിൾ വിരിച്ച ഒരു വലിയ പ്ലാറ്റ്ഫോം, പ്രസംഗം – നടത്തുവാനും ആഘോഷങ്ങൾക്കു മായി ഉണ്ടാക്കിയിരുന്നു. ഈ അവസരത്തിൽ, അതു വിധി നടപ്പാക്കുന്ന ഇരിപ്പിടമാണ്.[17]

"അവരെ കൊണ്ടുവന്നു അധിപതികളുടെ മുൻപിൽ നിറുത്തിയ പ്പോൾ"[18] (വാക്യം 20). അവരുടെ പൗരന്മാരായ പൗലൊസിനെയും ശീലാ സിനെയും കൊണ്ടുവരുവാനുള്ള വ്യക്തമായ കാരണം ആ യജമാന ന്മാർ പറഞ്ഞില്ല: സമ്പത്ത് നഷ്ടപ്പെട്ടു. അവർ പറഞ്ഞു: "യെഹൂദന്മാ രായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കി, റോമാക്കാരായ നമുക്കു അംഗീകരിപ്പാനും അനുസരിപ്പാനും ന്യായമല്ലാത്ത ആചാരങ്ങളെ പ്രസം ഗിക്കുന്നു, എന്നു പറഞ്ഞു" (വാക്യങ്ങൾ 20, 21). കുറ്റാരോപകർ പൗലൊ സിനും ശീലാസിനും നേരെ "ഫലപ്രദവും വൈകാരികവുമായ മൂന്നു കാഞ്ചികൾ വലി[ച്ചു]: (1) യെഹൂദവർഗ്ഗത്തിനെതിരെ[19] ('ഇവർ യെഹൂദ ന്മാരാണ്'), (2) മര്യാദയും ക്രമവും[20] ('അവർ നമ്മുടെ പട്ടണത്തെ കലക്കി'), (3) ദേശീയത[21] ('റോമാക്കാർക്കു ന്യായമല്ലാത്തതു പ്രമാണി പ്പാൻ പ്രസംഗിക്കുന്നു')."[22]

ചന്തസ്ഥലത്തെ വിചാരണ എല്ലായ്പ്പോഴും പുരുഷാരത്തെ ആകർഷിക്കും.[23] കേൾക്കുന്നവരുടെ എതിർപ്പ് സമ്പാദിക്കുക എന്ന കുറ്റാ രോപകരുടെ ലക്ഷ്യം കണ്ടു. "പുരുഷാരവും അവരുടെ നേരെയിളകി [പൗലൊസിന്റെയും ശീലാസിന്റെയും]" (വാക്യം 22). പുരുഷാരത്തെ ആശ്വസിപ്പിക്കുവാൻ, ഒരുപക്ഷേ കലഹം ഒഴിവാക്കുവാൻ, "അധിപതി കൾ അവരുടെ [പൗലൊസിന്റെയും ശീലാസിന്റെയും] വസ്ത്രം പറി ച്ചുരിഞ്ഞു, കോൽ കൊണ്ട് അവരെ അടിപ്പാൻ കല്പിച്ചു" (വാക്യം 22).

35 ഉം 38 ഉം വാക്യങ്ങളിലെ "കോൽക്കാർ" എന്നു വിളിക്കുന്നവ രാണ് അടിച്ചത്.[24] "കോൽക്കാർ" എന്നതു അക്ഷരികമായി ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തതിന്റെ അർത്ഥം "കോൽ – വാഹകർ"[25] എന്നാണ്. ഇവർ അധിപതികളോടൊപ്പം ഒരു കെട്ട് കോലുകൾ ചുവന്ന ചരട് കൊണ്ട് കെട്ടി കയ്യിൽ പിടിച്ചിരിക്കും. ഈ കോലുകൾ തള്ളവിര ലിന്റെ വലിപ്പം ഉണ്ടായിരിക്കും. ആ കോലുകളുടെ നടുവിൽ ഒരു മഴുവും ഉണ്ടായിരിക്കും.[26] ഈ കെട്ട് പ്രതിനിധീകരിക്കുന്നത് റോമൻ അധികാര ത്തിന്റെ അടയാളമായും, ഉടൻ റോമാ നീതി നടപ്പാക്കുന്ന പ്രായോഗി കതയും സൂചിപ്പിക്കുന്നു. അമേരിക്കൻ നാണയത്തിനു പുറകിൽ ഈ അടയാളം, വർഷങ്ങളോളം കാണാമായിരുന്നു.[27]

ശിക്ഷിക്കുന്ന ആളുടെ വസ്ത്രം കീറുന്ന രീതിയിലായിരുന്നു റോമൻ അടി. എല്ലായ്പ്പോഴും പുറകുവശം കാണാമായിരിക്കും; പല പ്പോഴും കുറ്റവാളികളെ നഗ്നരാക്കിയാണ് ശിക്ഷിക്കുന്നത്. കാൽപാദം മുതൽ തല വരെ കോലിന്റെ അടയാളങ്ങൾ ദൃശ്യമാകും. യെഹൂദന്മാരുടെ ചാട്ടയടി മുപ്പത്തി – ഒൻപതിൽ ചുരുക്കിയിരുന്നു (2 കൊരിന്ത്യർ 11:24); റോമാ ക്കാരുടെ അടി ഉദ്യോഗസ്ഥരുടെ ഔചിത്യം അനുസരിച്ചായിരുന്നു. ലൂക്കൊസ് നിസ്സാരമായി പറഞ്ഞത് "അവരെ ... വളരെ [പൗലൊസി നെയും ശീലാസിനെയും] അടിപ്പിച്ച ശേഷം" എന്നാണ് (വാക്യം 23).

റോമാ പൗരനെ അടിക്കുന്നതു നിയമരഹിതമാണ് എന്നതു ശ്രദ്ധി

ക്കുക. സിസേറോ പറഞ്ഞു, "ഒരു റോമാ പൗരനെ ബന്ധിക്കുന്നതു മോശമാണ്, അവനെ അടിക്കുന്നതു കുറ്റമാണ്, മരണ ശിക്ഷ വിധിക്കുന്നതു ഏതാണ്ട് പിതൃഹത്യ പോലെയാണ്"[28] എന്താണ്, പിന്നെ, പൗലൊസും ശീലാസും റോമാപൗരന്മാരെന്ന് (16:37) വെളിപ്പെടുത്താതിരുന്നത്? ഒരുപക്ഷേ അവർ പറഞ്ഞുകാണും, പക്ഷേ അധികാരികൾ കേട്ടിരിക്കയില്ല, ആ സാഹചര്യം, കുഴപ്പം പിടിച്ചതായിരുന്നു.[29]

ഈ അടിയെ അടയാളപ്പെടുത്തുക; അതിനു പ്രത്യേക പ്രാധാന്യമുണ്ട്, കാരണം ജാതികളിൽ നിന്നു ആദ്യമായി ക്രിസ്ത്യാനികൾക്കെതിരെ ഉണ്ടാകുന്ന ഉപദ്രവമായിരുന്നു.

## അനാദരവുള്ള ഒരു റോമൻ കാരാഗൃഹപ്രമാണി (16:23-40)

### തടവ് (വാക്യങ്ങൾ 23, 24)

"അവരെ വളരെ അടിപ്പിച്ചശേഷം തടവിലാക്കി, കാരാഗൃഹപ്രമാണിയോട്, അവരെ സൂക്ഷ്മതയോടെ കാപ്പാൻ ഏല്പിച്ചു" (വാക്യം 23). അങ്ങനെ കർത്താവിന്റെ സഹായത്താൽ ജീവിതം മാറ്റിയ മൂന്നാമത്തെ വ്യക്തിയെ 16-ാം അദ്ധ്യായത്തിൽ നമ്മെ പരിചയപ്പെടുത്തുന്നു. ജോലിയിൽ നിന്നു വിരമിച്ച പടയാളികളെ കോളനികളിൽ കുടിയേറി പാർക്കുവാൻ അയക്കുന്നത് റോമിന്റെ പരിശീലനമായിരുന്നു, അതുകൊണ്ട് ചിലർ ഊഹിക്കുന്നതു ഈ കാരാഗൃഹപ്രമാണി റോമൻ സൈന്യത്തിൽ അനുഭവസമ്പത്തുള്ള ഒരാളായിരുന്നു എന്നാണ്. അവൻ ഫിലിപ്പിയയിലെ ബലിഷ്ഠമായ മദ്ധ്യവർത്തികളെയായിരുന്നു പ്രതിനിധീകരിച്ചിരുന്നത്. ഞാൻ അയാളെ "അനാദരവുള്ള റോമൻകാരാഗൃഹപ്രമാണി," എന്നു വിളിക്കുന്നു, കാരണം ഒരു ഭൂമികുലുക്കം ഉണ്ടായി അയാൾ ഉണരുന്നതുവരെ അയാൾക്കു ആത്മിയകാര്യങ്ങളിൽ താല്പര്യം ഉണ്ടായിരുന്നതായി തെളിവില്ല.

"കാരാഗൃഹപ്രമാണിയോട് [പൗലൊസിനെയും ശീലാസിനെയും] ഭദ്രമായി കാപ്പാൻ പറഞ്ഞിരുന്നു." തന്റെ ജോലി അമിതാവേശത്തോടെ ചെയ്തതു സൂചിപ്പിക്കുന്നതു അവന്റെ സ്വഭാവം മറ്റുള്ളവരുടെ വേദനയിൽ സന്തോഷിക്കുന്നതായിരുന്നു എന്നാണ്. "അവൻ ഇങ്ങനെയുള്ള കല്പനകൾ കിട്ടുകയാൽ, അവരെ അകത്തെ തടവിൽ ആക്കി അവരുടെ കാൽ ആമത്തിലിട്ടു പൂട്ടി" (വാക്യം 24). അകത്തെ തടവു വെളിച്ചമോ ശുദ്ധവായുവോ ലഭിക്കാത്ത സ്ഥലമായിരുന്നു; അതു ഏറ്റവും ക്രൂരന്മാരും അപകടകാരികളുമായവർക്കുള്ളതായിരുന്നു. ഇരുണ്ട്, വൃത്തികെട്ട, എലികൾ - ഇഴയുന്ന - ഇരുട്ടറയെക്കുറിച്ചു ഒന്നു ചിന്തിക്കുക - നിങ്ങൾ തെറ്റു ചെയ്യാൻ ദൂരെ പോവുകയില്ല. എങ്ങനെയായാലും, ആ രീതിയിലുള്ള ഭദ്രതയിൽ തൃപ്തനായിരുന്നില്ല ഈ കാരാഗൃഹപ്രമാണി, "അവൻ അവരുടെ കാലുകൾ ആമത്തിയിട്ട് പൂട്ടി" (വാക്യം 24). കുറ്റവാളികളെ തറയിൽ ഇരുത്തി, അവർക്കു കാലുകൾ നീട്ടിപോകാവുന്നോളം നീട്ടി കുറ്റിയിൽ ബന്ധിക്കും, കാലുകൾ ബന്ധിക്കുന്ന കുറ്റി വെറുതെ ഞെരുക്കുവാനുള്ള ഒരു സങ്കീർണ്ണയന്ത്രം മാത്രമായിരു

ന്നില്ല; അതൊരു ഉപദ്രവിക്കുന്ന ഉപകരണവുമായിരുന്നു. സൈന്യ ത്തിൽ നിന്നു കാരാഗൃഹപ്രമാണി എന്തെല്ലാം പഠിച്ചാലും, അവൻ ദയവു പഠിച്ചിരുന്നില്ല.

എതിർപ്പിന്റെ ഇരുട്ടിൽ പൗലൊസും ശീലാസും ഇരുന്നു, അവരുടെ കാലുകൾ തടവിലാണ്, അവരുടെ കാലുകൾ തരിക്കാൻ തുടങ്ങി, പുറകിലെ ആഴത്തിലുള്ള മുറിവിൽ നിന്നു രക്തം ഒഴുകുന്ന തുകൊണ്ട് പുറംചാരാനും സാദ്ധ്യമല്ല (വാക്യം 33). പൗലൊസിന്റെ ആത്മാവിൽ അസ്വസ്ഥതയും നിരാശയും നിറഞ്ഞിരുന്നു. കോൽ കൊണ്ട് അടികൊണ്ടതിനെക്കുറിച്ച് പൗലൊസ് പിന്നീട് എഴുതി (2 കൊരിന്ത്യർ 11:25[30]). ഫിലിപ്പിയയിൽ വെച്ചു അവനുണ്ടായ കഷ്ടതയെയും മോശമായി തന്നോട് പെരുമാറിയതും എഴുതിയിട്ടുണ്ട് (1 തെസ്സലൊനിക്യർ 2:2).

പതുക്കെ, വളരെ പതുക്കെ, മണിക്കൂറുകൾ ഇഴഞ്ഞു നീങ്ങി. രാത്രി വന്നപ്പോൾ, കാരാഗൃഹപ്രമാണി ഉറങ്ങാൻ പോയി, തടവു കാരോട് മോശമായി പെരുമാറിയ മന:സാക്ഷിക്കുത്തില്ലാതെ ആയി രുന്നു അവന്റെ ഉറക്കം.[31] പൗലൊസിനും ശീലാസിനും നിത്യമായ വേദന എന്നു തോന്നുമാറ്, അർദ്ധരാത്രിയുടെ യാമം വന്നു.

**പുകഴ്ച്ച (വാക്യം 25)**

നിങ്ങളും ഞാനും ആ അകത്തെ തടവിൽ ആയിരുന്നുവെങ്കിൽ, നമ്മുടെ പുറകുവശം മുറിവും രക്തവുമായി, കാലുകൾ കുറ്റിയിൽ ബന്ധിച്ചിരുന്നാൽ – അർദ്ധരാത്രി നാം എന്തു ചെയ്യുകയായിരിക്കും? നിലവിളിക്കുകയോ? പരാതിപ്പെടുകയോ? ലൂക്കൊസ് എഴുതി, "അർദ്ധ രാത്രിക്കു പൗലൊസും ശീലാസും പ്രാർത്ഥിച്ചു ദൈവത്തെ പാടി സ്തുതിച്ചു തടവുകാർ ശ്രദ്ധിച്ചുകൊണ്ടിരുന്നു"[32] (വാക്യം 25). പൗലൊസും ശീലാസും പാടിയതിന്റെ കാരണം അവരുടെ ശരീരങ്ങൾ ആശ്വാസം നിരസിച്ചതുകൊണ്ടല്ല. അവരുടെ സാഹചര്യം അങ്ങനെ ആയിരുന്നിട്ടും അവർ പാടി.[33] കാര്യങ്ങൾ സുഗമമായി നിങ്ങുമ്പോൾ ആർക്കും പാടാൻ കഴിയും; എന്നാൽ എല്ലാം മോശമായി ഭവിക്കു മ്പോൾ ദൈവത്തെ പാടി സ്തുതിക്കുവാൻ വിശ്വാസം ആവശ്യമാ ണ്.[34] പൗലൊസ് പിന്നീട് എഫെസൊസിലെ ക്രിസ്ത്യാനികളെ വെല്ലു വിളി സ്വീകരിക്കാൻ പറയുമ്പോൾ "കർത്താവിന്നു പാടി; *എല്ലാ യ്പ്പോഴും എല്ലാറ്റിനും സ്തോത്രം ചെയ്യുന്നവരും ആയിരിപ്പിൻ*" (എഫെസ്യർ 5:19, 20; എംഫസിസ് മൈൻ). പൗലൊസ് ആ ഗുണം ഫിലിപ്പിയയിലെ തടവറയിൽ കാണിച്ചു.

മറ്റു തടവുകാരെയും ലൂക്കൊസ് ശ്രദ്ധിച്ചു. "തടവുകാർ അവരെ ശ്രദ്ധിച്ചുകൊണ്ടിരുന്നു" (വാക്യം 25). മറ്റു തടവുകാർ മുൻപ് കര ച്ചിലും ശാപവും എല്ലാം അകത്തെ തടവിൽ നിന്നു കേട്ടിരിക്കും; എന്നാൽ പ്രാർത്ഥനയും സ്തുതിയും മുൻപ് ഒരിക്കലും കേട്ടിട്ടില്ല.

**ശക്തി (വാക്യങ്ങൾ 26-30)**

അർദ്ധരാത്രിയുടെ നിശബ്ദതയ്ക്കു ഭംഗം നേരിട്ടു. "വലിയോരു

ഭൂകമ്പം ഉണ്ടായി, കാരാഗൃഹത്തിന്റെ അടിസ്ഥാനം കുലുങ്ങി വാതിൽ ഒക്കെയും തുറന്നു പോയി. എല്ലാവരുടേയും ചങ്ങല അഴിഞ്ഞു വീണു" (വാക്യം 26). ഭൂകമ്പ സാദ്ധ്യതയുള്ള പ്രദേശത്തായിരുന്നു ഫിലിപ്പിയ സ്ഥിതി ചെയ്തിരുന്നത്.[35] അതു ഭൂകമ്പമാപിനിയിൽ എത്ര ഡിഗ്രിയോടെയാണ് രേഖപ്പെടുത്തിയത് എന്നെനിക്ക് അറിയില്ല, എന്നാൽ തടവറയുടെ അടിസ്ഥാനക്കല്ലുകൾ ഇളകുന്നത്ര "ഭയങ്കരമായിരുന്നു" അത്. ഭൂകമ്പം അതിരൂക്ഷമായിരുന്നതിനാൽ ഭിത്തികൾ പിളരുകയും വാതിലുകളുടെ കുറ്റികൾ ഇളകിമാറി തടവുകാരുടെ ബന്ധനങ്ങൾ നീങ്ങി. "വാതിൽ ഒക്കെയും ഉടനെ തുറന്നു എല്ലാവരുടേയും ചങ്ങല അഴിഞ്ഞു വീണു" (വാക്യം 26). ഉണ്ടായ ഭൂകമ്പം പ്രകൃതി ക്ഷോഭത്താലോ അല്ലാതെയോ ഉണ്ടായതാകാം,[36] എന്നാൽ തടവിലുള്ളവർ അതു സ്വർഗ്ഗത്തിൽ നിന്നും അർദ്ധരാത്രിയുടെ പാട്ടിനു പ്രതികരണമായി ഉണ്ടായതാണെന്ന കാര്യത്തിൽ സംശയിക്കയില്ല.

കാരാഗൃഹ പ്രമാണിയെ ഈ ഭൂകമ്പം ഞെട്ടിയുണർത്തി. മങ്ങിയ വെളിച്ചത്തിൽ അവൻ കാലൂന്നി നിന്നു നോക്കിയപ്പോൾ വാതിലുകൾ തുറന്നിരിക്കുന്നതു കണ്ടു. "കാരാഗൃഹപ്രമാണി ഉറക്കമുണർന്നു കാരാഗൃഹവാതിലുകൾ തുറന്നിരിക്കുന്നതു കണ്ടിട്ടു, ചങ്ങലക്കാർ ഓടിപ്പൊയ്ക്കളഞ്ഞതു എന്നു ഊഹിച്ചു വാളൂരി തന്നെത്താൻ കൊല്ലുവാൻ ഭാവിച്ചു" (വാക്യം 27). റോമൻ നിയമം അനുസരിച്ച് ഒരു തടവുകാരനെ കാപ്പാൻ ഏല്പിച്ച കാവൽക്കാരന്റെ തടവുകാരൻ രക്ഷപ്പെട്ടാൽ, ആ തടവുകാരനു ലഭിക്കാനിടയുള്ള ശിക്ഷ കാവൽക്കാരനായിരുന്ന പടയാളിക്കു ലഭിക്കും.[37] തീർച്ചയായും, ഒന്നിലധികം കുറ്റവാളികളെ മരണശിക്ഷക്കു വിധിച്ച് തടവിൽ പാർപ്പിച്ചിരിക്കും. അവൻ വിചാരിച്ചതുപോലെ അവർ രക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, അവർക്കു പകരം ആ കാരാഗൃഹപ്രമാണിയെ കൊല്ലും. അതുകൊണ്ട് അവന്റെ വിചാരത്തിൽ "മാന്യമായ രക്ഷപ്പെടൽ," ആത്മഹത്യ തന്നെയായിരുന്നു.

ഇതൊരു അന്യദേവനെ ആരാധിക്കുന്നവന്റെ തത്വമാണ്, അല്ലാതെ ബൈബിൾ തത്വമല്ല. ആത്മഹത്യ ഒരിക്കലും ദൈവജനത്തിനു "മാന്യമായ രക്ഷപ്പെടൽ അല്ല." മനശാസ്ത്രജ്ഞന്മാർ പറയുന്നതു ആത്മഹത്യ ചെയ്യുന്നവരുടെ മുൻപിൽ മരണവാതിൽ അല്ലാതെ സകല വാതിലുകളും അടഞ്ഞിരിക്കുന്നു എന്ന തോന്നൽ കൊണ്ടാണ് അവർ അങ്ങനെ ചെയ്യുന്നത് എന്നത്രെ. എന്നാൽ ദൈവമക്കളെ സംബന്ധിച്ച് എത്ര വലിയ പ്രതിസന്ധി വന്നാലും ആ പരീക്ഷണത്തിൽ നിന്നു "പുറത്തു കടക്കുവാൻ" ദൈവം വഴി ഒരുക്കുകയും "സഹിക്കുവാനുള്ള കഴിവു തരികയും ചെയ്യും" (1 കൊരിന്ത്യർ 10:13).

കാരാഗൃഹപ്രമാണി വാളൂരി തന്നെത്താൻ കൊല്ലുവാൻ ശ്രമിച്ചപ്പോൾ, "പൗലൊസ് 'നിനക്കു ഒരു ദോഷവും ചെയ്യരുത്, ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലൊ!' എന്നു, ഉറക്കെ വിളിച്ചു പറഞ്ഞു" (വാക്യം 28).[38] കാരാഗൃഹപ്രമാണിക്കു വിശ്വസിക്കാൻ കഴിഞ്ഞില്ല. "അവൻ വെളിച്ചം ചോദിച്ചു[39] അകത്തേക്കു ചാടി" (വാക്യം 29). അവന്റെ അതിശയം മാറുവാൻ, പൗലൊസിന്റെ വാക്കുകൾ സത്യമായിരുന്നു.[40] വെസ്റ്റേൺ ടെക്സ്റ്റ് പറയുന്നതു കാരാഗൃഹപ്രമാണി വേഗത്തിൽ "മറ്റു

തടവുകാരെയെല്ലാം ഭദ്രമാക്കി.” പിന്നെ, “ഭയത്തോടും വിറയലോടും കൂടെ,” പൗലൊസിന്റെയും ശീലാസിന്റെയും അടുക്കൽ വന്നു കുമ്പിട്ടു (വാക്യം 29). തടവു കെട്ടിടത്തേക്കാൾ കാരാഗൃഹപ്രമാണിയുടെ ആത്മാവിനാണ് കൂടുതൽ ഇളക്കം തട്ടിയത്. പൗലൊസിനെയും ശീലാസിനെയും കാപ്പാൻ അവനെ ഏല്പിച്ചതുകൊണ്ട് ചെറിയ ശല്യങ്ങൾ യഥാർത്ഥ കുറ്റവാളികളെ ഒരു പാഠം പഠിപ്പിക്കണം. ഇപ്പോൾ, നടന്ന നാടകീയ സംഭവങ്ങൾ ആ മനുഷ്യർ അവൻ അറിയാത്ത ഏതോ ശക്തി അവരെ നിയന്ത്രിക്കുന്നതായി അവനു ബോധ്യമായി.[41]

അവൻ അവരെ “തടവിൽ നിന്നു പുറത്തു കൊണ്ടു വന്നു” (വാക്യം 30), കൃത്യമായി അവന്റെ വീട്ടിലേക്കാണ് കൊണ്ടുപോയതു (വാക്യം 32), എന്നിട്ട് അവരോട് ചോദിച്ചു, “യജമാനന്മാരേ, രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?” (വാക്യം 30). അവന്റെ വാക്കുകൾ നിരവധി ചോദ്യങ്ങൾ ഉയർത്തുന്നതായിരുന്നു: ഉദാഹരണമായി, വാസ്തവത്തിൽ “രക്ഷിക്കപ്പെടുക” എന്നതുകൊണ്ട് കാരാഗൃഹപ്രമാണി ഉദ്ദേശിച്ചതെന്താണ്? നാം അറിയുന്നതുപോലെ അവനു വചനത്തിൽ ഉപയോഗിച്ചിരിക്കുന്ന “രക്ഷ” യുടെ അർത്ഥം അറിയാമോ; അല്ലെങ്കിൽ ഒരു വിഗ്രഹാരാധിയെ ഒരാളുടെ നിരാശാജനകമായ നില വിളിയായിരുന്നോ, മിഷണറിമാരോടുള്ള ഭയം നിമിത്തം ഉണ്ടായ ചോദ്യമാണോ, അവൻ തടവുകാരോടു മോശമായി പെരുമാറിയതിൽ നിന്നു അവനെ രക്ഷിക്കുവാനുള്ള നിലവിളിയായിരുന്നോ?

കൂടാതെ, രക്ഷയെ സംബന്ധിച്ച ശരിയായ ആശയം കാരാഗൃഹപ്രമാണിക്കു കിട്ടിയിരുന്നെങ്കിൽ, പിന്നെ പൗലൊസിനോടും ശിലാസിനോടും ഉത്തരത്തിനായി ചോദിച്ചതെന്തിന്? അവരുടെ പ്രസംഗവിശേഷം മുൻപ് അവന്റെ കാതുകളിൽ എത്തിയിരുന്നോ? അവരെക്കുറിച്ച് ആ അടിമ - പെൺകുട്ടി പറഞ്ഞതു “ഈ മനുഷ്യൻ അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാർ … രക്ഷാമാർഗ്ഗം നിങ്ങളോടു അറിയിക്കുന്നവർ” (വാക്യം 17) എന്നു അവരെ കൊണ്ടു വന്നവർ അവനോടു പറഞ്ഞിരിക്കുമോ? അതോ ഈ മനുഷ്യർക്കു അവനെ സഹായിപ്പാൻ കഴിയുമെന്ന് അവനു പെട്ടെന്ന് തോന്നിയിരിക്കുമോ? തീർച്ചയുള്ള ഉത്തരങ്ങൾ നല്കുവാൻ നമുക്കു സാദ്ധ്യമല്ല, എന്നാൽ ഇത്രയും വ്യക്തമാണ്: അനാദരവിലായിരുന്ന അന്യമതക്കാരൻ കുലുങ്ങിപ്പോയി അവൻ മരണത്തിന്റെ വക്കിൽ, ഇരുട്ടിൽ നോക്കി നില്ക്കുകയാണ്, അവൻ കണ്ട അത്ഭുത കാഴ്ച്ച അവനെ ഭീതിപ്പെടുത്തി! “യജമാന്മാരേ,” അവൻ നിലവിളിച്ചു, “രക്ഷ പ്രാപിപ്പാൻ ഞാൻ എന്തു ചെയ്യേണം?”

**പ്രസംഗം (വാക്യം 31)**

വാക്കുകളിൽ അവൻ അർത്ഥമാക്കിയത് എന്തായാലും, അവ പൗലൊസിനും ശീലാസിനും തുറന്ന അവസരം ഒരുക്കി. “കർത്താവായ യേശുവിൽ വിശ്വസിക്ക, എന്നാൽ നീയും, നിന്റെ കുടുംബവും രക്ഷ പ്രാപിക്കും എന്ന് അവൻ പറഞ്ഞു” (വാക്യം 31). ന്യായാധിപസഭയുടെ മുൻപാകെ നിന്നുകൊണ്ട്, പത്രൊസ് പറഞ്ഞു രക്ഷ ക്രിസ്തു

വിന്റെ നാമത്തിൽ മാത്രമാണ്, “മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നല്കപ്പെട്ട വേറൊരു നാമവുമില്ല” (4:12). കാരാഗൃഹപ്രമാണി രക്ഷിക്കപ്പെടണമെങ്കിൽ അതു യേശുക്രിസ്തു മുഖാന്തരം മാത്രം.

പെന്തെക്കൊസ്തുനാളിൽ യെഹൂദന്മാരുടെ ചോദ്യത്തിനു നല്കിയ അതേ ഉത്തരം എന്തുകൊണ്ട് കാരാഗൃഹപ്രമണിക്കു നല്കിയില്ല എന്ന് ചിലർ സംശയിച്ചേക്കാം (2:37): “നിങ്ങൾ മാനസാന്തരപ്പെട്ടു, നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവു എന്ന ദാനം ലഭിക്കും” (2:38). “കർത്താവേ, ഞാൻ എന്തു ചെയ്യേണ്ടു?” എന്ന പൗലൊസിന്റെ ചോദ്യത്തിനു നല്കിയ മറുപടി എന്തുകൊണ്ടു കൊടുത്തില്ല എന്നു ചിലർ ചോദിച്ചേക്കാം (22:10): “എഴുന്നേറ്റു, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു, നിന്റെ പാപങ്ങളെ കഴുകിക്കളക” (22:16). പെന്തെക്കൊസ്തു നാളിൽ യെഹുദന്മാർക്കും പിന്നെ ശൗലിനും കൊടുത്ത ഉത്തരങ്ങൾ വീണ്ടും നോക്കുക: “മാനസാന്തരപ്പെട്ട്, നിങ്ങൾ ഓരോരുത്തരും *യേശുക്രിസ്തുവിന്റെ നാമത്തിൽ* പാപങ്ങളുടെ മോചനത്തിനായി സ്നാനം ഏല്പിൻ; എന്നാൽ പരിശുദ്ധാത്മാവെന്ന ദാനം ലഭിക്കും” (2:38; എംഫസിസ് മൈൻ). “എഴുന്നേറ്റ്, *അവന്റെ നാമം വിളിച്ച്*, സ്നാനം ഏറ്റ്, നിന്റെ പാപങ്ങളെ കഴുകി കളക” (22:16; എംഫസിസ് മൈൻ). യേശുവിന്റെ നാമത്തിൽ എന്തെങ്കിലും ചെയ്യുക എന്നാൽ, അല്ലെങ്കിൽ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുക എന്നാൽ, അതിനു മുൻപ് യേശുവിനെ അറിയുകയും വിശ്വസിക്കുകയും ചെയ്യുന്നു എന്നാണ്. കാരാഗൃഹപ്രമാണിയ്ക്ക് ആ അറിവ് ഇല്ലായിരുന്നു; അവന് ആ വിശ്വാസവും ഇല്ലായിരുന്നു. അവനോട് “ക്രിസ്തുവിന്റെ നാമത്തിൽ,” കുരുടനായ മനുഷ്യനോട് പറഞ്ഞതുപോലെ, എന്തെങ്കിലും പറഞ്ഞാൽ, അവൻ, “ഞാൻ അവനിൽ വിശ്വസിക്കേണ്ടതിന്, ... അവൻ ആർ?” (യോഹന്നാൻ 9:36).

**മാപ്പ് (വാക്യങ്ങൾ 32-34)**

കാരാഗൃഹപ്രമാണിയുടെ അറിവില്ലായ്മ ഉടനെ പൗലൊസും ശീലാസും പരിഹരിച്ചു കൊടുത്തു “പിന്നെ അവർ കർത്താവിന്റെ വചനം അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും പ്രസംഗിച്ചു” (വാക്യം 32). “വിശ്വാസം കേൾവിയാലും, കേൾവി ക്രിസ്തുവിന്റെ വചനത്താലും വരുന്നു” (റോമർ 10:17). “കർത്താവിന്റെ വചനം” എന്നതിൽ സത്യ ദൈവത്തെക്കുറിച്ചുള്ള “വചന” വും ഉൾപ്പെട്ടിരിക്കാം (വാക്യം 34). അതിൽ തീർച്ചയായും യേശുവിനെയും അവന്റെ ക്രൂശിനേയും കുറിച്ചുള്ള “വചനവും” ഉൾപ്പെട്ടിരിക്കും. അതിൽ യേശുവിന്റെ യാഗത്താലുള്ള ഉപകാരം ലഭിക്കുന്നതെങ്ങനെ എന്നതും, പിൻപറ്റേണ്ട ജീവിതത്തെക്കുറിച്ചുള്ള “വചനവും” തുടർന്നുവരുന്ന വാക്യങ്ങളിൽ കാണാം. “അവന്റെ [കാരാഗൃഹപ്രമാണി] ആ രാത്രിയിൽ, ആ നാഴികയിൽ തന്നേ അവരെ കൂട്ടിക്കൊണ്ടുപോയി അവരുടെ മുറിവുകളെ കഴുകി, താനും തനിക്കുള്ള എല്ലാവരും താമസിയാതെ സ്നാനമേറ്റു”[42] (വാക്യം 33). കാരാഗൃ

ഹപ്രമാണി ഉടനെ പ്രതികരിച്ചു[43] എന്നത് ആത്മാർത്ഥതയെ സൂചിപ്പിക്കുന്നു; അവൻ അവരുടെ മുറിവുകളെ കഴുകി എന്നതു അവന്റെ ദു:ഖത്തിന്റെ തെളിവാണ്; അവൻ സ്നാനമേറ്റ വസ്തുത തെളിയിക്കുന്നത് അവന്റെ കീഴ്പ്പെടൽ ആണ് തെളിയിക്കുന്നത്.

കാരാഗൃഹപ്രമാണിയും അവനുള്ളവരും സ്നാനമേറ്റതു എവിടെ എന്നു നമുക്കറിയില്ല. ഒരു പക്ഷേ അടുത്തുള്ള കുളത്തിലാകാം, അല്ലെങ്കിൽ പട്ടണത്തിനു പുറത്തുള്ള നദിയായ ഗാൻജെറ്റസിൽ ആകാം.[44] "സ്നാനശേഷം, കാരാഗൃഹപ്രമാണി [പൗലൊസിനേയും ശീലാസിനേയും] അവന്റെ വീട്ടിൽ കൊണ്ടു വന്നു അവർക്കു ഭക്ഷണം കൊടുത്തു,[45] യേശുവിൽ വിശ്വസിച്ചതുകൊണ്ട് വളരെ സന്തോഷിക്കയും ചെയ്തു" (വാക്യം 34). അവൻ ഒരു രാത്രിയിൽ രണ്ടുപ്രാവശ്യം രക്ഷപ്പെട്ടു ആദ്യം ഭൗതികമരണത്തിൽ നിന്നും ഇപ്പോൾ ആത്മികമരണത്തിൽ നിന്നും! അകത്തെ കൽത്തുറങ്കിൽ അടക്കപ്പെട്ട പൗലൊസിന്റേയും ശീലാസിന്റേയും ശരീരത്തേക്കാൾ അവന്റെ ആത്മാവ് ഭദ്രമായ തടവിലായിരുന്നു, എന്നാൽ ഇപ്പോൾ അവൻ സ്വതന്ത്രനായി!

34-ാം വാക്യത്തിലെ "വിശ്വസിച്ചതിനാൽ" എന്ന വാക്ക് വിപുലമായ അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് എന്ന് ശ്രദ്ധിക്കുക, കാരാഗൃഹപ്രമാണിയുടെ മുഴുവൻ പ്രതികരണവും അടങ്ങിയിരി ക്കുന്നു.[46] വിശ്വസിച്ചാൽ നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും എന്നാണ്, അവനോട് പറഞ്ഞത് (വാക്യം 31). അവനെ ദൈവവചനം പഠിപ്പിച്ചു. അവൻ മാനസാന്തരപ്പെട്ടു സ്നാനമേറ്റശേഷമാണ്, അവൻ വിശ്വസി*ച്ചു* എന്നു ഊന്നിപറഞ്ഞത്.

നാമധേയ വിഭാഗക്കാർ 30-ാം വാക്യത്തിലെ കാരാഗൃഹപ്രമാണിയുടെ ചോദ്യവും, 31-ാം വാക്യത്തിലെ ഉത്തരവും, എടുത്തു സംഭവം അവിടെ അവസാനിക്കുന്നതുപോലെ നാമധേയവിഭാഗങ്ങളിലെ ഉപദേഷ്ടാക്കൾ അവതരിപ്പിക്കുന്നതു അസാധാരണമല്ല.[47] ജെ.ഡബ്ലിയു.മെക്ഗാർവേ പറഞ്ഞതുപോലെ, അവർ "ഉടനെ കാരാഗൃഹം വിട്ടുപോയി."[48] കാരാഗൃഹപ്രമാണിയുടെ പരിവർത്തനം മുഴുവൻ പരിശോധിച്ചാൽ, നാം പഠിച്ച മറ്റു ഉദാഹരണങ്ങൾ പോലെയാണ് അവനും രക്ഷിക്കപ്പെട്ടത് എന്നു കാണും: അവൻ സുവിശേഷം പഠിച്ചു; യേശുവിൽ വിശ്വസിച്ചു; അവന്റെ പാപങ്ങളിൽ നിന്നു മാനസാന്തരപ്പെട്ടു അവൻ സനാനമേറ്റു.

**എതിർപ്പ് (വാക്യങ്ങൾ 35-40)**

അല്പം വളഞ്ഞ ഹാസ്യസ്പർശനത്തോടെയാണ് സംഭവം അവസാനിക്കുന്നതു. "നേരം പുലർന്നപ്പോൾ, അധിപതികൾ [കാരാഗൃഹപ്രമാണിയോട്], 'അവരെ ആ മനുഷ്യരെ വിട്ടയക്കേണം,' എന്നു പറയുന്നു"[49] (വാക്യം 35). ഈ യെഹൂദന്മാർക്ക് കൊടുത്ത അടിയും ഒരു രാത്രിയലെ തടവും മതിയായും അവരുടെ കുഴപ്പം മനസിലാക്കുവാൻ എന്നു അധികാരികൾ ഒരു പക്ഷേ വിചാരിച്ചു കാണും. അധിപതികൾ അടങ്ങുന്ന ഉദ്യോഗസ്ഥരിൽ നിന്നുള്ള, വാക്കുകൾ ഈ കാരാഗൃഹപ്രമാണി "ഒരു പക്ഷേ പൗലൊസിനോടു, ഇങ്ങനെ പറയുന്നു, 'കാരാ

ഗൃഹപ്രമാണി ഈ വാക്ക് പൗലൊസിനോട് അറിയിച്ചു. നിങ്ങളെ വിട്ടയപ്പാൻ അധിപതികൾ ആളയിച്ചിരുന്നു. ആകയാൽ സമാധാനത്തോടെ പോകുവിൻ എന്നു പറഞ്ഞു'" (വാക്യം 36). പൗലൊസിനോടും ശീലാസിനോടും അവൻ "പുറത്തുവരിക," എന്നു പറഞ്ഞതിൽ അവർ തടവിലേക്കു മടങ്ങിവന്നു എന്നു സ്പഷ്ടം. അവരുടെ പുതിയ സഹോദരനെ അവർ ലജ്ജിപ്പിക്കാതെ രാത്രിയൽ തന്ന തടവുമുറിയിലെത്തിയിരിക്കും. ആ പ്രശ്നം തീർന്നതിൽ കാരാഗൃഹപ്രമാണി സന്തോഷിച്ചിരിക്കാം.

എങ്ങനെയായാലും, പൗലൊസ് തടവിൽ നിന്നും ഇളകിയില്ല. അവൻ അധികാരികളെ നേരിട്ടു (മൂലഭാഷയിൽ സൂചിപ്പിക്കുന്ന, ഇവരെ ദണ്ഡിപ്പിച്ച കോൽ - ക്കാരായിരുന്നു അവർ എന്നോർക്കുക) "അവരോടു, 'റോമാ പൗരന്മാരായ,[50] ഞങ്ങളെ അവർ വിസ്താരം കൂടാതെ പരസ്യമായി അടിപ്പിച്ചു തടവിലാക്കിയല്ലോ; ഇപ്പോൾ ഞങ്ങളെ രഹസ്യമായി പുറത്തുകൊണ്ടു പോകയാണോ?'" (വാക്യം 37). ഒരു റോമാ പൗരനെ അടിക്കുന്ന വലിയകുറ്റമാണ് എന്നു നാം മുൻപുകണ്ടുവല്ലൊ. ഇവർ ഇങ്ങനെ ചെയ്തു എന്ന് റോമിൽ അറിഞ്ഞാൽ അധിപതികളുടെ ജോലി പോകും, ഏറ്റവും വലിയ ശിക്ഷയാണെങ്കിൽ അവരുടെ തലകളും പോകും.

കോൽക്കാർ "ആ വാക്ക് അധിപതികളോട് ബോധിപ്പിച്ചാറെ" അവർ റോമാ പൗരന്മാർ എന്നു കേട്ടു അവർ ഭയപ്പെട്ടു അവർ [വ്യക്തിപരമായി] നേരിട്ടു [തടവിലേക്കു] വന്നു, അവരോട് അപേക്ഷി ച്ചു (വാക്യങ്ങൾ 38, 39). RSV പറയുന്നു "അവർ വന്നു അവരോട് മാ പ്പപേക്ഷിച്ചു." NCV പറയുന്നു "അവർ വന്നു പൗലൊസിനോടും ശീലാസിനോടും ക്ഷമിക്കണം എന്നു പറഞ്ഞു." പിന്നെ, "അവരെ [തടവിൽ നിന്നു] പുറത്തുകൊണ്ടു വന്നപ്പോൾ, പട്ടണം വിട്ടു പോകുവാൻ അപേക്ഷിച്ചു" (വാക്യം 39). മുട്ടിൽ നിൽകുന്ന ആ ഉദ്യോഗസ്ഥരെ ഒന്നു മനസിൽ സങ്കല്പിക്കുക, അവരുടെ നെറ്റിത്തടത്തിൽ നിന്നും വിയർപ്പുകൾ പൊടിയുന്നു, അവൻ പട്ടണം വിട്ടുപോകേണ്ടതിനു തിരക്കു കൂട്ടി പൗലൊസിനോടും ശീലാസിനോടും യാചിച്ചിരിക്കും![51]

ഈ രംഗം വിടുന്നതിനു മുൻപു, പൗലൊസ് തന്റെ അവകാശത്തിൽ കടിച്ചു തൂങ്ങി റോമൻ പടയാളികളോട് പറയാതെ (റോമർ 12:17, 19). മറിച്ച്, തന്റെ പുറകിൽ വിട്ടുപോകുന്ന ക്രിസ്ത്യാനിക്ക് കുഴപ്പം വരാതെ കാര്യങ്ങൾ കുഴപ്പത്തിലാക്കാതെ പോയി. അവർക്കു മതിയായ പ്രശ്നം ഉണ്ടാകുമായിരുന്നു (ഫിലിപ്പിയർ 1:28-30). അവർ കണ്ടെത്തിയവനെ, പിടിച്ചു, അടിച്ചു, തടവിലെ തൂറുങ്കിലടക്കുകയും - പിന്നെ പെട്ടെന്ന് സംശയാസ്പദമായി പട്ടണം വിട്ടുപോയി. സംശയം നിലനിർത്തി ലജ്ജിക്കപ്പെടുന്ന വിവരണങ്ങൾ കൂടാതെപോയി.[52]

വർഷങ്ങളായി, ഞാൻ ഇതു വായിക്കുമ്പോഴെല്ലാം, എനിക്ക് അന്ധാളിപ്പ് ഉണ്ടായിട്ടുണ്ട്. പൗലൊസ് റോമൻ പൗരനാണെന്ന വാക്ക് അധിപതികൾ മുഖവില കൊടുത്തതെന്തിന്? സ്പഷ്ടമായും അവർ പൗലൊസിനോട് തെളിവ് ആവശ്യപ്പെട്ടില്ല.[53] തെളിവ് ആവശ്യമില്ലെങ്കിൽ, ശിക്ഷയിൽ നിന്നൊഴിവാക്കാൻ എന്തുകൊണ്ട് എല്ലാവരും അങ്ങനെ അവകാശപ്പെടുന്നില്ല? കൂടാതെ ഗവേഷണം എനിക്കതു പരീക്ഷണാത്മക ഉത്ത

രങ്ങൾ നല്കി: ഒരു റോമാ പൗരനോടു മോശമായി പെരുമാറുന്നതിനേക്കാൾ വലിയ കുറ്റമാണ് വ്യാജമായി റോമാ പൗരൻ എന്ന് അവകാശപ്പെടുന്നത്. "തെറ്റായി റോമാ പൗരൻ എന്നവകാശപ്പെടുന്നവർക്കു മരണമാണ് അവസാനം; ഈ കഠിന ശിക്ഷ നിമിത്തം അപൂർവ്വമായേ ആരെങ്കിലും റോമാ പൗരൻ എന്നു വ്യാജമായി പറയാറുള്ളു."[54]

ഒരു പക്ഷേ പൗലൊസും ശീലാസും പുതിയ സ്ഥലത്തേക്കു പോകാനായിരുന്നതുകൊണ്ട്, അധിപതികളുടെ അപേക്ഷ അവർ സമ്മതിച്ചു (അത് അധിപതികൾക്ക് ഏറ്റവും ആശ്വാസമായി, എന്ന് ഞാൻ തീർച്ചപ്പെടുത്തുന്നു). എങ്ങനെയായാലും, അവർ മടികൂടാതെ ആദരവോടെ അങ്ങനെ ചെയ്തു "അവർ തടവു വിട്ടു ലുദിയയുടെ വീട്ടിൽ ചെന്നു" (പ്രവൃത്തികൾ 16:40), അവരുടെ പ്രവർത്തനങ്ങൾക്കു രൂപം കൊടുത്തിരുന്നതും ഒരു പക്ഷെ കൂടി വന്നിരുന്നതും അവിടെ ആയിരുന്നേക്കാം. ഈ അവസരത്തിൽ, നിരവധി സഹോദരങ്ങൾ അവിടെ കൂടി വന്നിരുന്നു; ഒരു പക്ഷേ അവർ അവിടെ പ്രാർത്ഥനായോഗം നടത്തുകയായിരുന്നേക്കാം (12:12 നോക്കുക). "അവർ [പൗലൊസും ശീലാസും] അവിടെ ചെന്നപ്പോൾ സഹോദരന്മാരെ കണ്ടു, ആശ്വസിപ്പിച്ചു" (16:40).[55] ഈ രണ്ടു സുവിശേഷകന്മാരോടും മോശമായി പെരുമാറിയതാണ്; എങ്കിലും അവർ തങ്ങളെക്കുറിച്ചു കരുതിയില്ല, എന്നാൽ വഴങ്ങാനിടയുള്ള അവരുടെ ക്രിസ്തുവിൽ ശിശുക്കളെകുറിച്ചായിരുന്നു. അവസാനം, യാത്രയപ്പു പറയുന്നു, "പുറപ്പെട്ടുപോയി" (വാക്യം 40). അങ്ങനെ ഒരു ഇടവക സ്ഥാപിക്കപ്പെട്ടു - ഒരു ഇടവക പൗലൊസിന്നു, ഓരോ വർഷം പിന്നിടുമ്പോഴും ഏറ്റവും വിലയേറിയതായി തീർന്നു (ഫിലിപ്പിയർ 1:3-8; 4:1).

**ഉപസംഹാരം**

നമ്മുടെ പാഠം വീണ്ടും ഒന്നു പിന്നിലേക്കു നോക്കി ചിത്രീകരിച്ചാൽ, ജീവിതങ്ങളുടെ മാറ്റത്തെക്കുറിച്ചു ധാരാളം പാഠങ്ങൾ നമ്മുടെ മനസിലേക്കു വരും: (1) ദൈവസഹായത്താലല്ലാതെ ജീവിതങ്ങൾ മാറുകയില്ല. (2) എങ്ങനെയായാലും, നമുക്കു ദൈവത്തോട് *സഹകരിക്കാൻ* കഴിയും, പ്രത്യേകിച്ചു സുവിശേഷം പ്രസംഗിച്ചുകൊണ്ട്. (3) ദൈവമാണ് നമ്മുടെ സഹപ്രവർത്തകൻ എന്നു മനസിലായി, എല്ലായിപ്പോഴും നമുക്കു ധൈര്യത്തോടെ മുന്നേറാം. എങ്ങനെയായാലും, ഒരു പാഠം ഞാൻ ഊന്നൽ കൊടുത്തു പറയാൻ ആഗ്രഹിക്കുന്നത്: *ഒരു സാഹചര്യവും പ്രത്യാശയില്ലാത്തതല്ല*. മാറേണ്ട ആളുകളുടെ പട്ടിക ഫിലിപ്പിയയിൽ നിന്നു പട്ടിക നാം തയ്യാറാക്കുകയാണെങ്കിൽ, ഒരുപക്ഷേ അരക്കിറുക്കിയായ ഒരു അടിമ - പെൺകുട്ടിയെയും ക്രൂരതയിൽ ആനന്ദിക്കുന്ന റോമൻ കാരാഗൃഹപ്രമാണിയേയും ഉൾപ്പെടുത്തുകയില്ല.

> ഇൻ ദ *ഡിസ്കവറേഴ്സ്* ഡാനിയേൽ ബ്യര്സ്റ്റിൻ ബോ ജഡോർ മുനമ്പിനെക്കുറിച്ച് പറയുന്നു ബ്രൂ ആഫ്രിക്കൻ കടൽ തീരത്തു അറ്റ്ലാന്റിക്കിൽ ഉള്ള ഒരു ചെറിയസ്ഥലം, എന്നാൽ പതിനഞ്ചാം നൂറ്റാണ്ടിൽ, ഒരു കപ്പലും അതു വഴി പോകാൻ ധൈര്യപ്പെട്ടിരുന്നില്ല. ബോജഡോർ മുനമ്പു മറ്റനേകം മനസുകളേക്കാൾ അപകടകര

> മായിരുന്നില്ല. എന്നാൽ അതിനുമുകളിൽ ഭയാനകമായ കിംവദന്തികൾ പ്രചരിച്ചിരുന്നു - ഒരു പക്ഷേ അതു ലോകാവസാനമായേക്കാം അന്നത്തെ കപ്പിത്താൻമാർ പറയുന്നതു ബൂഴ്സ്റ്റിൻ ഒരു "മാനസിക തടസ്സം" മാത്രമാണെന്നാണ്.[56]

ജീവിതങ്ങൾ മാറികാണുവാൻ നാം ശ്രമിക്കുന്നുവെങ്കിൽ, നമ്മിൽ ഒരു "മാനസിക തടസവും" ഉണ്ടാകാതിരിക്കട്ടെ. നമുക്ക് സുവിശേഷം എല്ലാവരോടും പങ്കിടാം![57]

## പ്രസംഗ കുറിപ്പുകൾ

ഭൂത ബാധിതയായ ഒരു അടിമ - പെൺകുട്ടിയെ കുറിച്ച് വേറൊരു പ്രസംഗം ബ്രൂസ് വൈറ്റ് അവളുടെ യജമാനന്മാരുടെ അത്യാഗ്രഹത്തെയും, മോഹത്തെയും അടിസ്ഥാനപ്പെടുത്തിയതായിരുന്നു. അവൻ ഉദ്ധരിച്ചത് (1) മോഹം ആത്മാർത്ഥതയെ തുഛീകരിക്കുകവാൻ ആവശ്യപ്പെടുന്നു (ആ പെൺകുട്ടിയോട് പെരുമാറിയതുപോലെ), (2) മോഹം സത്യത്തെ തടയുന്നു (അവളുടെ യജമാനന്മാർ പൗലൊസിനേയും ശീലാസിനേയും കുറിച്ചു നുണ പറഞ്ഞു), (3) അത്യാഗ്രഹം അന്യായത്തെ ആവശ്യപ്പെടുന്നു (പൗലൊസിനോടും ശീലാസിനോടും പെരുമാരിയതുപോലെ). അത്യാഗ്രഹത്തെകുറിച്ച് നാം വേണ്ടത്ര പ്രസംഗിക്കുന്നില്ല, അതുകൊണ്ട് നിങ്ങൾക്ക് ഇരുപരിഗണിക്കാം.

"യുഗങ്ങളായുള്ള ഏറ്റവും വലിയ ചോദ്യം" എന്നതിനെപ്പറ്റി ധാരാളം പ്രസംഗങ്ങൾ പ്രസംഗിച്ചിട്ടുണ്ട് (പ്രവൃത്തികൾ 16:30). കാരാഗൃഹപ്രമാണിയുടെ ചോദ്യത്തെ മുറിച്ച് അതിലെഭാഗങ്ങൾ ഓരോന്നായി എടുത്ത്, ഓരോന്നും മുഖ്യ ചിന്തയായിത്തീരും. (1) "എന്ത്" - അന്വേഷണാത്മക ചോദ്യം, (2) "തീർച്ചയായും" - ഒരു അത്യാവശ്യമായ ചോദ്യം, (3) "ഞാൻ" - ഒരു വ്യക്തിപരമായ ചോദ്യം, (4) "ചെയ്യുക" - പ്രവർത്തിക്കുവാനുള്ള ചോദ്യം, (5) "രക്ഷിക്കപ്പെടുവാൻ" - സമയബന്ധത്തിലല്ലാതെ ചോദ്യം.

പ്രവൃത്തികളുടെ പുസ്തകത്തിലെ പരിവർത്തനങ്ങളെക്കുറിച്ച് നിങ്ങൾ പ്രസംഗപരമ്പര തയ്യാറാക്കാൻ, കാരാഗൃഹപ്രമാണിയുടെ പരിവർത്തനത്തിൽ വേണ്ട പോയിന്റുകൾ ഉണ്ട്. സംഭവത്തിനു പശ്ചാത്തലം ഒരുക്കുവാൻ അടിമ - പെൺകുട്ടിയുടെ സംഭവം ചുരുക്കി നിരീക്ഷണം നടത്തുകയും, പിന്നെ പെട്ടെന്ന് കാരാഗൃഹപ്രമാണിയെ പരിചയപ്പെടുത്താം. അദ്ധ്യായത്തിലെ അവസാനഭാഗത്തെ പട്ടണാധിപതികളോടുള്ള പൗലൊസിന്റെ എതിർപ്പ് അവഗണിക്കുകയോ, അല്ലെങ്കിൽ ചുരുക്കമായി പറയുകയോ ആവാം. "അനാദരവുള്ള റോമൻ കാരാഗൃഹപ്രമാണി" എന്ന ഉപ - പോയിന്റ് ഞാൻ ഉൾപ്പെടുത്തിയിരിക്കുന്നത്. നിങ്ങളുടെ പാഠത്തിൽ അതു വേണമെങ്കിൽ മുഖ്യ പോയിന്റാകാം. വേറൊരു വിധത്തിൽ ഇതിനെ "മൂന്നു" ആയി വിഭാഗിക്കാം: (1) കൺവിക്ട്സ്, കുറ്റക്കാരൻ, (2) കൺസെർട്ട് - ഐകമത്യം, (3) ഒരു കൺവെർഷൻ. കാരാഗൃഹപ്രമാണിയുടെ പരിവർത്തനത്തെക്കുറിച്ചു

– തലവാചകം കൊടുത്തു പ്രസംഗിക്കാറുള്ളത്. “കാരാഗൃഹപ്രമാണി സ്നാനമേറ്റതെന്തിന്?” എന്നാണ്. ഞാൻ ആ സംഭവം വിവരിച്ച് ചോദിക്കും “പ്രവൃത്തികൾ 16:30, 31 വിശ്വാസത്താൽ മാത്രം രക്ഷിക്കപ്പെടുമെന്ന് പഠിപ്പിക്കുന്നുവെങ്കിൽ പിന്നെ കാരാഗൃഹപ്രമാണി സ്നാനമേറ്റതെന്തിന്?” കൂടുതൽ പ്രത്യേകതയോടെ, ഞാൻ ചോദിക്കും, “സ്നാനം തിരഞ്ഞെടുക്കാവുന്ന ഒരു ആഘോഷമാണെങ്കിൽ ‘ആ രാത്രിയിൽ തന്നെ’ സ്നാനമേറ്റതെന്തു കൊണ്ട്?”

## ദൃശ്യ - സഹായ കുറിപ്പുകൾ

കാരാഗൃഹ പ്രമാണിയുടെ പരിവർത്തനം ദൃശ്യവൽക്കരിക്കാൻ റോഡ് മാപ്പ് പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്: മാപ്പിന്റെ ഇടതുഭാഗത്തായി നന്നായി – അറിയപ്പെടുന്ന ആരംഭ സൂചനയായി (എ എന്ന് അടയാളപ്പെടുത്തുക) പിന്നെ നന്നായി അറിയപ്പെടുന്ന എത്തിച്ചേരൽ കാണിക്കാൻ മാപ്പിന്റെ വലതു ഭാഗത്തു (ബി എന്ന് അടയാളപ്പെടുത്തുക). ഈ രണ്ടു റോഡിനും ഇടയിൽ ഒരു കട്ടിയുള്ള ലൈൻ വരക്കുക. അവസാനം, വഴിയിൽ നിർത്തേണ്ട രണ്ടു സ്ഥാനങ്ങൾ അടയാളപ്പെടുത്തുക. ക്ലാസിൽ, മാപ്പ് കാണിച്ചു ആരെങ്കിലും ഏയിൽ നിന്നു ബിയിലേക്കു നടക്കുന്നു എന്നു വിചാരിക്കുക. ആ വ്യക്തി യാത്ര തുടങ്ങുന്നതിനു മുൻപ്, അയാൾ ആരോടെങ്കിലും ഈ ചോദ്യം ചോദിക്കുന്നു. “എന്റെ ലക്ഷ്യത്തിലേക്ക് എത്ര ദൂരം ഉണ്ട്?” അവൻ ആ ചോദ്യം ആരംഭത്തിൽ ചോദിക്കുന്നു, രണ്ടാമത് നിർത്തേണ്ട സ്ഥാനത്തും ചോദിക്കുന്നു. ഓരോ പ്രാവശ്യവും ചോദിക്കുന്ന ചോദ്യം ഒന്നു തന്നെ ആണെങ്കിലും, വ്യത്യസ്ത ഉത്തരങ്ങളാണ് ലഭിച്ചത് – കാരണം അയാൾ ഓരോ പ്രാവശ്യവും ലക്ഷ്യസ്ഥാനത്തോട് അടുക്കുകയാണ്. എങ്കിൽപോലും, “ഞാൻ എന്തുചെയ്യണം?” എന്ന അടിസ്ഥാന ചോദ്യം പ്രവൃത്തികളുടെ പുസ്തകത്തിൽ മൂന്നു പ്രാവശ്യം ചോദിച്ചിട്ടുണ്ട് (2:37; 22:10; 16:30), എന്നാൽ അല്പ വ്യത്യാസത്തിലുള്ള ള്ള ഉത്തരം ഓരോ പ്രാവശ്യവും നല്കിയിട്ടുണ്ട് (2:38; 22:16; 16:31). അതിൽ വൈപരീത്യം ഒന്നുമില്ല; ചോദ്യകർത്താവു “രക്ഷാപാതയുടെ” വിവിധസ്ഥലങ്ങളിൽ എത്തിയതുകൊണ്ടാണ് വ്യത്യസ്ത ഉത്തരങ്ങൾ ലഭിച്ചത്.

---

കുറിപ്പുകൾ

[1]ചില തർജ്ജിമക്കാർ “ടു യു” എന്ന വാക്ക് ഫിലിപ്പിയൻ 4:15 ലേക്കു ചേർത്തിട്ടുണ്ട് (“ഞാൻ നിങ്ങളോട് ആദ്യം പ്രസംഗിച്ചപ്പോൾ”), എന്നാൽ മൂലഗ്രന്ഥത്തിൽ “ടു യു” എന്നില്ല. [2]ഈ സംഭവത്തിൽ സഹിതനായിരുന്ന ആദ്യ വ്യക്തിയെ ലൂക്കൊസ് തുടർച്ചയായി ഉപയോഗിക്കുന്നുണ്ട്. [3]മലപാമ്പ് വലിയ പാമ്പാണ്, അതിന്റെ ഇരയെ അതു ചുറ്റിഞെരുക്കിക്കളയും. [4]പുരാതന എഴുത്തുകാരിൽ ഒരാൾ, “പൈത്തോൺ” എന്ന വാക്ക് “വെന്റിലോ ക്വിസ്റ്റ്,” എന്നതിനെ സൂചിപ്പിക്കുന്നു. ആധുനിക – എഴുത്തുകാർ ഇതിനെക്കുറിച്ചു പറഞ്ഞിട്ടുണ്ട് “വെന്റിലോ ക്വിസം” എന്ന വാക്ക് – തെറ്റിദ്ധരിപ്പിക്കപ്പെട്ടിട്ടു

ണ്ട്. ഇന്ന് ആ വാക്ക് സൂചിപ്പിക്കുന്നത് ഒരാൾക്ക് തന്റെ “ശബ്ദം എറിയുവാൻ” കഴിയുന്നതിനെയാണ്. എങ്ങനെയായാലും വാക്കിന്റെ അക്ഷരികമായ അർത്ഥം “വയറിനുളളിൽ നിന്നു സംസാരിക്കുക,” എന്നുമാണ്: ബൈബിൾ കാലത്തിൽ, ആത്മാവു ശരീരത്തിൽ പ്രവേശിച്ചു ഉള്ളിൽ നിന്നു സംസാരിക്കുന്നു (വയറിനുള്ളിൽ നിന്നു) എന്ന അന്ധവിശ്വാസത്തെ സൂചിപ്പിക്കുന്നു. [5]ആ വാക്യങ്ങളുടെ നോട്ടുകൾ നോക്കുക. [6]നമ്മുടെ ഇപ്പോഴത്തെ സംഭവത്തിൽ ഇതു തെളിവാണ്. അശുദ്ധാത്മാവിന്റെ നിയന്ത്രണത്താൽ, അവൾക്കു പൗലൊസും ശീലാസും അത്യുന്നതനായ ദൈവത്തിന്റെ ദാസന്മാരാണെന്നും അറിയാൻ കഴിഞ്ഞു ഭൂതങ്ങൾ സർവ്വജ്ഞാനികൾ *അല്ല* (എല്ലാം - അറിയുന്നവൻ). ഭാഗ്യം പറയുന്നതു കേൾക്കുവാൻ, താല്പര്യപ്പെടുന്നവരെ, കൂടുതൽ തൃപ്തിപ്പെടുത്താൻ അവയ്ക്കു കഴിയുമായിരുന്നില്ല. [7]പുതിയ നിയമത്തിൽ വെളിപ്പെടുത്തിയ ക്രിസ്ത്യാനിത്വത്തെയാണ് ഞാൻ സൂചിപ്പിക്കുന്നത്. ഇന്നു “ക്രിസ്ത്യാനിത്വം” എന്ന പേരിൽ - അറിയപ്പെടുന്ന വിഭാഗങ്ങൾ അന്ധവിശ്വാസത്തെ നിരുത്സാഹിപ്പിക്കുന്നതിനു പകരം അതിനെ വളർത്തുകയാണ്. [8]“ചാനലേഴ്സ്” അവകാശപ്പെടുന്നതു ശക്തികളും ശബ്ദശക്തിയും എല്ലാം ശക്തമായി പ്രവർത്തിക്കുന്നത് അവരിൽ കൂടെ ആണെന്നാണ്. [9]“അത്യുന്നതനായ ദൈവം” എന്ന പ്രയോഗം ഗ്രീക്കുകാർ അവരുടെ ദേവനായ സിയൂസിനെ സൂചിപ്പിച്ചും പറഞ്ഞിരുന്നു. “രക്ഷ” എന്നതു ഗ്രീക്കിൽ നിന്നു തർജ്ജിമ ചെയ്തിരിക്കുന്നതിന് പല അർത്ഥങ്ങൾ ഉണ്ട്. അവർക്കു പൂർണ്ണമായി പിടികിട്ടിയിരുന്നില്ല, എന്നാൽ, പുതിയ നിയമത്തിൽ ഭൂതങ്ങൾ സത്യ ദൈവമെന്ന് അറിയുന്നു എന്നു വ്യക്തമാക്കിയിരിക്കയാൽ അവൾ പൗലൊസിനെയും കൂട്ടരെയും പറ്റിയാണ് പറഞ്ഞത്. അല്ലാതെ പാഗൻ ആശയം ആകാൻ സാദ്ധ്യമായില്ല. [10]ഗ്രീക്കു വേദഭാഗത്ത് “എ ഗ്രെയിറ്റ്ലി ട്രബിൾസ് എന്നാണ്.” KJV പറയുന്നു പൗലൊസ് “ഗ്രീവ്ഡ്,” എന്ന്, അതു സൂചിപ്പിക്കുന്നതു പെൺകുട്ടിയോട് അവനു അനുകമ്പ തോന്നി എന്നാണ്. NASB തർജ്ജിമക്കാർ അവളുടെ നിരന്തര പ്രവൃത്തി കളാൽ അവൻ “മുഷിഞ്ഞിട്ട്” എന്നാണ്.

[11]അവനു വേണ്ടി സാക്ഷ്യം പറയുവാൻ ഭൂതങ്ങളെ യേശു അനുവദിച്ചിരുന്നില്ല (മർക്കൊസ് 1:24, 25, 34). [12]നിങ്ങൾ താമസിക്കുന്ന സ്ഥലത്തിനു യോജിച്ച വിധത്തിൽ വ്യക്തിപരമാക്കുക: നിങ്ങളുടെ ശ്രോതാക്കൾക്കുള്ള വലിയ വിലപിടിപ്പുള്ള വസ്തുക്കളിന്മേൽ, ഒർവൻ വലിയ ഒരു കൂടം ഉപയോഗിക്കുന്നത് ഊഹിക്കുക. [13]അവർ എന്തുകൊണ്ട് ലൂക്കൊസിനേയും തിമൊഥെയൊസിനേയും പിടിക്കാതെ പൗലൊസിനേയും ശീലാസിനേയും പിടിച്ചത് എന്തുകൊണ്ടന്നു നമുക്ക് അറിയില്ല. പൗലൊസും ശീലാസും അധികം യെഹൂദന്മാരെ പോലെ എന്നു പറഞ്ഞു കേട്ടിട്ടുണ്ട് (ലൂക്കൊസ് ജാതിയിൽ പെട്ടവനും, തിമൊഥെയൊസ് പകുതി ജാതിയും ആയിരുന്നു) (വാക്യ 20). വിവരണം ഒരു പക്ഷേ നിസാരമാകാം: അവർ പൗലൊസിനെയാണ് നോക്കിയിരുന്നത്, പൗലൊസിനെ പിടിച്ചപ്പോൾ ശീലാസും അവന്റെ കൂടെ ഉണ്ടായിരുന്നു. [14]19-ാം വാക്യത്തിൽ “അതോറിറ്റീസ്” എന്ന വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതും 20-ാം വാക്യത്തിലെ “ചീഫ് മജിസ്ട്രേറ്റ്സ്” എന്നതും തമ്മിൽ വിത്യാസമുണ്ട്. അതു ഊഹാപോഹത്തിനിടയാക്കിയതു, ആദ്യം അവരെ ചെറിയ ഉദ്യോഗസ്ഥരുടെ അടുക്കലും പിന്നെ മുഖ്യ അധികാരികളുടെ അടുക്കലും എത്തിച്ചു. എങ്ങനെയായാലും, ഒരേ തരം അധികാരികളെ, രണ്ടു വിധത്തിൽ പറഞ്ഞിരിക്കാനാണ് സാദ്ധ്യത. [15]“മാർക്കെറ്റ് പ്ലെയിസ്” എന്ന പ്രയോഗം, വർഷങ്ങളോളം, ഞാൻ ബൈബിളിൽ നിന്ന്, വായിച്ച് വിചാരിച്ചത്, കടകളും വ്യാപാരങ്ങളും നടക്കുന്ന ബഹളമുള്ള ഒന്നാണെന്നാണ്. ബൈബിളിലെ “മാർക്കറ്റ് പ്ലെയിസ്” എന്നത് ഏതാണ്ട് ദേശത്തെ സമർദ്ധമായ ഒരു നഗരത്തെയാണ് സുചിപ്പിക്കുന്നത്. ഫിലിപ്പിയയിലെ ഫോറം കുഴിച്ച് കണ്ടെത്തിയതാണ്. അതു ഏതാണ്ട് ഒരു ഫുട്ബോൾ ഗ്രൗണ്ടിന്റെ പകുതി നീളം വരും. [16]19-ാം വാക്യത്തിലെ “മാർക്കെറ്റ് പ്ലെയിസ്” എന്നതു തർജ്ജിമചെയ്തിരിക്കുന്നതു *ആഗോരാൻ* എന്നാണ്. [17]ഈ പ്ലാറ്റ്ഫോമിന്റെ ഗ്രീക്കു വാക്ക് *ബേമാ* (18:12 ലെ നോട്ടുകൾ നോക്കുക). ഫിലിപ്പയിലെ *ബേമാ* കുഴിച്ച് കണ്ടെടുത്തതും *അഗേരയുടെ* വടക്കുള്ളതുമാണ്. [18]പ്രാദേശിക അധികാരികളെ സൂചിപ്പിക്കുന്നതിനു

ലൂക്കൊസ് ഒരിക്കൽ കൂടെ ശരിയായ വാക്ക് ഉപയോഗിച്ചിരുന്നു. [19]ഫിലിപ്പിയയിലെ യെഹൂദന്മാർ പ്രചാരമുള്ളവരായിരുന്നില്ല. 18–ാം അദ്ധ്യായത്തിൽ യെഹൂദന്മാർ റോമിൽ നിന്നും പുറത്താക്കപ്പെടുന്നതായി നാം കാണുന്നുണ്ട് (വാക്യം 2). ഒരു പക്ഷേ അതു സംഭവിച്ച കഴിഞ്ഞിരിക്കാം, റോമൻ കോളനികളിലുള്ളവരേക്കാൾ വികാരം ഇവരോട് കൂടുതലുമായിരുന്നു. [20]പൊതുജന ക്രമം നില നിർത്തുക എന്നതു റോമൻ നിയമത്തിന്റെ പ്രാഥമിക ലക്ഷ്യമായിരുന്നു.

[21]ഓർക്കുക: റോമിൽ ഉണ്ടായിരുന്നതിനേക്കാൾ കൂടുതൽ റോമൻ പൗരന്മാർ റോമൻ കോളനികളിൽ ഉണ്ടായിരുന്നു. [22]കെൻ.ആർ.ഡർഹാം, “സീൻസ് അറ്റ് ഫിലിപ്പൈ,” *ആക്ട്സ്, ദി സ്പ്രെ ഡിങ്ങ് ഫ്ലെയിം* (സെഴിസി, ആർക്ക്.: ഹാർഡിങ്ങ് യൂണിവേഴ്സിറ്റി, 1989), 189. [23]ഈ പുസ്തകത്തിൽ തന്നെ ഉള്ള “സത്യസന്ധമായ ഹൃദയത്തെ നോക്കൽ” എന്നതിലെ 17:5 ന്റെ നോട്ടുകൾ നോക്കുക. [24]KJV ഈ ആളുകളെ വിളിക്കുന്നത് “സെർജിയന്റ്സ്” എന്ന്; NIV വിളിക്കുന്നത് “ഉദ്യോഗസ്ഥർ” എന്നാണ്. അവരുടെ ജോലികൾ മുഴുവനും ഈ തർജ്ജിമക്കാർ ആരും എടുത്തു കാണിക്കുന്നില്ല. [25]റോമാക്കാർ അവരെ “ലിക്റ്റേഴ്സ്” എന്നു വിളിച്ചിരുന്നു. [26]യൂറോപ്പിൽ പലഭാഗങ്ങളിലും നിയമപ്രകാരം – ഒരു മഴു നടുവിലും കുറെ വടികൾ ചേർത്തു കെട്ടിയതായ – അടയാളം ഞാൻ കണ്ടിട്ടുണ്ട്. [27]രണ്ടാം ലോകമഹായുദ്ധത്തിൽ മുസോളിനി ഈ അടയാളം ഉപയോഗിച്ചിട്ടുണ്ട്, നീണ്ട – റോമാ സാമ്രാജ്യത്തിന്റെ ഭാഗമായിട്ട്. [28]ജെ.ഡബ്ലിയു. മെക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്ട്സ് ഓഫ് അപ്പൊസ്തൽസ്* (ഡിലൈറ്റ്, ആർക്ക്: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി., n.d.), 107. [29]കൂടുതൽ രാഷ്ട്രീയ മതിപ്പു ലഭിക്കുന്നതിനാണ് പൗലൊസ് 37–ാം വാക്യംവരെ തന്റെ റോമാ പൗരത്വം പറയുവാൻ നീട്ടിവെച്ചത് എന്നു പറയപ്പെടുന്നു. പൗലൊസിനേയും ശീലാസിനേയും അടിച്ചപ്പോൾ, അവർ തങ്ങളുടെ പൗരത്വത്തെ വെളിപ്പെടുത്താൻ ശ്രമിച്ചെങ്കിലും അവർ അതു ചെവിക്കൊണ്ടില്ല എന്നതു കൂടുതൽ യുക്തിസഹജമാണ്. അധിപതികൾ ശിക്ഷ വിധിച്ചപ്പോൾ അതൊഴിവാക്കുവാൻ വെളിപ്പെടുത്തി എന്നും പറയപ്പെടുന്നു. [30]ഫിലിപ്പിയയിൽ വെച്ചു അവൻ സഹിച്ച അടികൾ, കൊണ്ട അടികളിൽ ഒന്നുമാത്രമെ ആകുന്നുള്ളു.

[31]കാരാഗൃഹപ്രമാണിക്കു തന്റെ വ്യക്തിയിൽ നിന്നു വാൾ ലഭിച്ചു (വാക്യം 27) എന്നതു സചിപ്പിക്കുന്നതു അയാൾ തടവിനകത്ത് ഡ്യൂട്ടിയിൽ (യൂണിഫോമിൽ) ഉറങ്ങുകയായിരുന്നേക്കാം. അടുത്തുള്ള തന്റെ ക്വാർട്ടേസിൽ ആണെന്നും സാദ്ധ്യതയുണ്ട്, ഒരു പക്ഷേ, തടവു കോമ്പൗണ്ടിൽ തണലാകാം, എങ്ങനെയായാലും, അവന്റെ ബെൽട്ടിൽ പിടിച്ച് വിലിച്ച് കെട്ടി പുറത്തു കൊണ്ടുവന്നതുമാകാം. [32]അത്തരം അവസരങ്ങളിൽ പാട്ടുപാടാൻ എനിക്കു തോന്നിയാൽ, അതു “ദി ബ്ലൂസ്” ആയിരിക്കും, എന്നാൽ അവർ പാടിയത് പ്രെയിസസ് ആയിരുന്നു. [33]പൗലൊസും ശീലാസും “അർദ്ധരാത്രി” പാട്ടു പാടി എന്നു ലൂക്കൊസ് പറഞ്ഞതിനർത്ഥം അവർ പാടുന്നതിനും പ്രാർത്ഥിക്കുന്നതിനും അവരുടെ സ്വഭാവം ക്രമീകരിക്കേണ്ടിയിരുന്നോ? എനിക്കറിഞ്ഞുകൂടാ. [34]ദൈവത്തിലുള്ള വിശ്വാസമാണ് മുഖ്യം. ദൈവം എപ്പോഴും ഒരുപോലെയാണ്. എല്ലാം ശരിയായിരിക്കുമ്പോഴും ദൈവം പുകഴ്ച്ചക്കു യോഗ്യനായിരിക്കുന്നതുപോലെ, എല്ലാം മോശമായി പോകുന്നുവെന്നു തോന്നുമ്പോഴും അവൻ പുകഴ്ച്ചക്കു യോഗ്യനാണ്. [35]ഞാൻ തുർക്കിയിലും ഗ്രീസിലും എവിടെയെല്ലാം പോയിരുന്നോ, അവിടെയെല്ലാം മുൻപു ഭൂമികുലുക്കം ഉണ്ടായതിന്റെ തെളിവുകളുണ്ടായിരുന്നു. [36]ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരുവിധത്തിൽ, ദൂതന്മാർ ഉൾപ്പെട്ടിരുന്നു – മുമ്പ് അവരെ രണ്ടു പ്രാവശ്യം തടവിൽ നിന്നു മോചിപ്പിച്ചപ്പോഴും (പ്രവൃത്തികൾ 5:19; 12:7, 10, 11). [37]പ്രവൃത്തികൾ 12:19 നോക്കുക. [38]പൗലൊസിന് എങ്ങനെ കാരാഗൃഹപ്രമാണിയെ കാണാൻ കഴിഞ്ഞു? കാരാഗൃഹപ്രമാണിക്കു എന്തുകൊണ്ട് പൗലൊസിനെ കാണാൻ കഴിഞ്ഞില്ല? ആരും രക്ഷപ്പെട്ടിട്ടില്ല എന്നു പൗലൊസിന് എങ്ങനെ അറിയാൻ കഴിഞ്ഞു. അവ ആവശ്യമില്ലാത്തതുകൊണ്ട്, ലൂക്കൊസ് അവ വിവരിക്കുന്നില്ല. ഒരു പക്ഷേ പൗലൊസിന്റെ കണ്ണുകൾ ഇരുട്ടിൽ കാരാഗൃഹപ്രമാണിയുടേതിനേക്കാൾ ക്രമപ്പെടുത്തിയിരിക്കാം. ഒരു പക്ഷേ

പൗലൊസിനു ദൈവം ആ സാഹചര്യത്തെ സംബന്ധിച്ച അസാധാരണ അറിവു നല്കിയതാകാം. [39]ഇതു സൂചിപ്പിക്കുന്നതു ഡ്യൂട്ടിയിലുണ്ടായിരുന്ന മറ്റു കാവൽക്കാർ, അല്ലെങ്കിൽ അടുത്തുള്ളവർ. [40]അവസരം കിട്ടിയിട്ടു മറ്റുതടവുകാർ എന്തുകൊണ്ട് രക്ഷപ്പെട്ടില്ല? ഒരുപക്ഷേ സംഭവിച്ചതിൽ അവർ ഒരു നിമിഷം അമ്പരന്നു പോയിരിക്കാം. ഒരു പക്ഷേ അവർ പൗലൊസിന്റെ വിട്ടുപോകരുതെന്ന അപേക്ഷ സ്വീകരിച്ചു കാണും. ഒരു പക്ഷേ ദൈവം തന്റെ ശക്തിയാൽ അവരെ നിലനിർത്തികാണും. വീണ്ടും, ഇതിന്റെ വിശദാംശങ്ങൾ, ലൂക്കൊസ് തരുന്നില്ല.

[41]ചുരുങ്ങിയത്, അവൻ വിചാരിച്ചത് അവർ ഏതോ ദൈവിക പ്രതിനിധികളാണെന്നാണ്. [42]കാരാഗൃഹപ്രമാണിയും "വീട്ടിലുള്ളവരും" സ്നാനമേറ്റു എന്നതു ചിലർ എടുത്തു ശിശു സ്നാനത്തെ ന്യായീകരിക്കാറുണ്ട്. ശ്രദ്ധിക്കുക, എങ്ങനെയായാലും, അവന്റെ വീട്ടിലുള്ള സ്നാനമേറ്റവരെല്ലാം (വാക്യം 33) ആദ്യം പഠിപ്പിച്ചു (വാക്യം 32) വിശ്വസിച്ചു (വാക്യം 34). [43]കാരാഗൃഹപ്രമാണിയും വീട്ടുകാരും രാവിലെ രണ്ടു മണിയോ മൂന്നു മണിയോ ആയിരുന്നേക്കാം. [44]അവന്റെ ചുമതല "അവരെ ഭദ്രമായി കാക്കുക" എന്നതായിരുന്നു, അല്ലാതെ അവരെ പൂട്ടിവെക്കുന്നതിനായിരുന്നില്ല. [45]അവരെ തടവിലാക്കിയ ശേഷം പൗലൊസിനും ശീലാസിനും ആഹാരം കിട്ടിയിരുന്നില്ല. ഒരിക്കൽ കൂടെ, ക്രിസ്തീയ അതിഥി സല്ക്കാരം പ്രവൃത്തികളുടെ പുസ്തകത്തിൽ ഊന്നി പറയുന്നു. [46]ക്രിസ്പൊസിന്റെ പരിവർത്തനവും കാരാഗൃഹപ്രമാണിയുടെ പരിവർത്തനവും താരതമ്യം ചെയ്യുക: ക്രിസ്പ്പൊസ് വിശ്വസിച്ചു എന്ന പ്രസ്താവന (18:8) യിൽ സ്നാനമെന്ന അവന്റെ പ്രതികരണവും ഉൾപ്പെടുന്നു (1 കൊരിന്ത്യർ 1:14). [47]വാദം ഏതാണ്ട് ഇതുപോലെയാണ്: "പ്രവൃത്തികൾ 16:31 സ്നാനത്തെ പറയുന്നില്ല; അതുകൊണ്ട്, രക്ഷക്കു സ്നാനം ആവശ്യമില്ല." ഈ വാദം വിലയുള്ളതാണെങ്കിൽ, മാനസാന്തരവും ഏറ്റുപറച്ചിലും രക്ഷക്കു ആവശ്യമില്ല, കാരണം അവ പ്രത്യേകമായി പ്രവൃത്തികൾ 16:31-ൽ പറഞ്ഞിട്ടില്ലല്ലൊ. ഒരാൾ പ്രതികരിക്കുന്നു എങ്കിൽ, "'വിശ്വസിക്കുക' എന്ന വാക്കിൽ, മാനസാന്തരവും ഏറ്റു പറച്ചിലും ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ" പിന്നെ എന്തുകൊണ്ട് "വിശ്വാസം" എന്ന വാക്കിൽ സ്നാനവും കൂടെ ഉൾപ്പെടുത്തികൂടാ? [48]മെക്ഗാർവേ, 103. [49]ചുരുങ്ങിയതു ഒരു പുരാതന കയ്യെഴുത്തു പ്രതി സൂചിപ്പിക്കുന്നതു ഭൂമികുലുക്കം ഉണ്ടായപ്പോൾ അധിപതികൾ ഭയവിഹ്വലരാകുകയും പൗലൊസിനോടും ശീലാസിനോടും മോശമായി പെരുമാറിയതിൽ ഖേദിക്കയും ചെയ്തു. എങ്ങനെയായാലും, വേദഭഗാത്ത് ഇത് കൂട്ടിച്ചേർത്തതില്ല. അതുകൊണ്ട് അങ്ങനെ ആയിരുന്നോ എന്ന് നമുക്ക് അറിയില്ല. [50]സ്പഷ്ടമായി, പൗലൊസിനെ പോലെ തന്നെ ശീലാസിനും റോമാ പൗരത്വം ഉണ്ടായിരുന്നു.

[51]നിങ്ങൾ അമേരിക്കയിൽ പാർക്കുന്ന ആളാണെങ്കിൽ, "പ്ലീസ്, പ്രെട്ടി പ്ലീസ്, ലീവ്!" എന്ന പദപ്രയോഗം മനസിലാകും. [52]പൗലൊസ് കുഴപ്പം ശരിയാക്കാൻ പോയതുകൊണ്ട്, പിന്നീട് കുഴപ്പം കൂടാതെ പട്ടണത്തിൽ മടങ്ങിച്ചെല്ലുവാൻ കഴിഞ്ഞു (20:1, 2, 6). [53]ലൗകിക രേഖകൾ സൂചിപ്പിക്കുന്നതു ഒരാൾ *സിവിസ് റോമാനസ്സം*, "ഞാൻ ഒരു റോമാ പൗരൻ" എന്ന് ഉച്ചത്തിൽ നിലവിളിച്ചു. പൗലൊസ് റോമാ പൗരനായി തർസോസിൽ റെജിസ്റ്റർ ചെയ്തിരിക്കാം; പക്ഷേ അതിന്റെ തെളിവും എടുത്തിരിക്കയില്ല. അധികാരപ്പെടുത്തി റെജിസ്ട്രേഷന്റെ കോപ്പി എത്തിക്കുന്നതിനു സമയം എടുക്കും. [54]എച്ച്.ലിയോ ബോൾസ്, *എ കമെന്ററി ഓൺ ആക്ട്സ് ഓഫ് ദ അപ്പൊസ്തൽസ്* (നാഷ്വില്ലേ.: ഗോസ്പെൽ അഡ്വക്കേറ്റ് കമ്പനി., 1976 റീപ്രിന്റ്), 268. [55]"തിരുവചനത്തിൽ സുവിശേഷകന്മാർക്കു പ്രോത്സാഹനം ആവശ്യമാണ്" (ജെയിംസ് ബർട്ടൻ കോഫ്മാൻ, *കമെന്ററി ഓൺ ആക്റ്റ്സ്* [ആസ്റ്റിൻ, ടെക്സാസ്.: ഫേം ഫൗണ്ടേഷൻ പബ്ലിഷിങ്ങ് ഹൗസ്, 1976], 325). പകരം, അവർ മറ്റുള്ളവരെ പ്രോത്സാഹിപ്പിച്ചു. [56]ഡേർബൻ, 192. [57]ഈ പാഠം ഒരു പ്രസംഗം ആയി അവതരിപ്പിച്ചാൽ, ദൈവത്തിനു ശ്രദ്ധിക്കുന്നവരെ മാറ്റുവാൻ കഴിയും എന്ന് - കാരാഗൃഹ പ്രമാണി ചെയ്തതുപോലെ വിശ്വാസത്താൽ പ്രതികരിച്ചാൽ എന്നു പറയാം.